Vol. 17. No. 8.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

August 1919.

# വിഷയ വിവരണിക.


1. മംഗളം.

ശ്രീമാൻ തൊട്ടുവയിൽ വി. അഗസ്റ്റീൻ.

2. ദേവമാതാവിൻെറ കരേററത്തിരുനാൾ.
3. പ്രസാധകക്കുറിപ്പുകൾ.
4. തിരുസഭയും രാജ്യഭരണവും.

റവ. ഫാദർ ജോസഫ് ചക്കംകൽ പി. എച്ച്. ഡി; ഡി. ഡി.

5. മൈത്രി.

ശ്രീമാൻ കെ. കെ. കവലക്കാട്ടു.

6. ശ്രീയേശുവിജയം.

ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.

7. ഞങ്ങളുടെ കഥാപംക്തി. "എനിയ്ക്കുണ്ണിയെ കാണണം."
8. ഒരുത്തമ മാതൃക.

റവ. ഫാദർ ജോസഫ് ജെ. കോയിക്കര.

9. വേദപുസ്തകപാരായണം.

റവ. ഫാദർ അലക്'സാണ്ഡർ സി. ഡി.

10. ഒരു ബലി.
11. തിരുഹൃദയ പൊതുനിയോഗം.
12. വൃത്താന്തശകലങ്ങളും വിമർശനങ്ങളും.
13. ചരമവാർത്തകൾ.
14. പഞ്ചാംഗം.


J. † M.

*The Flower of Carmel,*

May this edifying Monthly be read in all Malayalam homes of this Quilon Diocese, all the more as the Flower of Carmmel is the loving Patroness of our Diocese. I shall rejoice to meet it also in our Parochials, Schools and Institutions.

✠ Aloysius Maria

Bishop of Quilon.

Quilon, 16 July 1919.

കർമ്മലകുസുമം

പുസ്തകം ൧. ൧൯൨൯ ആഗസ്റ്റ് ലക്കം ൮.

## മംഗളം

ഭൂരിശ്രീവർണ്ണമോലും വിമലദലചയം, ലേഖനത്തുമരന്ദം
പൂരിക്കും ഹൃത്തടം, സൽഫലതതിയരുളും ജ്ഞാനമാം രേണുജാലം,
പാരിക്കും കീർത്തിശോഭാവലിയിവമുറവോലാർന്നു സൗഭാഗ്യമോടി-
പ്പാരിൽ "കർമ്മേൽസുമം" മേൽവിലസണമഖിലേശന്റെ കാരുണ്യവായ്പാൽ.

തൊട്ടുവയിൽ വി. അഗസ്റ്റിൻ.

## ദേവമാതാവിന്റെ കരേറ്റത്തിരുനാൾ.

പ്രസൂത തിരുനാളാഘോഷിക്കപ്പെടുന്ന ചിങ്ങമാസത്തിൽ, കന്യകമറിയത്തിന്റെ ജീവിതത്തിലെ ഹൃദയംഗമങ്ങളായ പല സംഭവങ്ങളും നമ്മുടെ മനോദർപ്പണത്തിൽ പ്രതിബിംബിക്കുന്നു. ക്രിസ്തുമതത്തിന്റെ സാർവ്വത്രികമായ പ്രചാരണത്തിനുവേണ്ടി നമ്മുടെ അമ്മ സ്വജീവിതത്തെ നയിച്ചു. ഉത്സാഹദങ്ങളും ഭക്തിസംവർദ്ധകങ്ങളുമായ ഉപദേശങ്ങളാലും മാതൃകാപ്രവൃത്തികളാലും ഈശോയുടെ ശിഷ്യന്മാരേയും ആദിമക്രിസ്ത്യാനികളേയും അവിടുന്നു വിശ്വാസത്തിൽ സ്ഥൈര്യമുള്ളവരാക്കിത്തീർത്തു. ക്രിസ്തുവർഷം ൪൭-ലും അതിനുശേഷവും വേദപീഡനത്താൽ ഞെരുക്കപ്പെട്ട വിശ്വാസികളെ പുത്രനിർവ്വിശേഷമായ സ്നേഹത്തോടും ദയയോടുംകൂടി പരിപാലിക്കയും സാന്ത്വനവചനങ്ങളാൽ അവരെ ആശ്വസിപ്പിക്കയും ചെയ്തു. ഈശോയുടെ നിര്യാണശേഷം, പ്രത്യേകിച്ചും, നമ്മുടെ അമ്മയുടെ ജീവിതം മുഴുവൻതന്നെ, മനുഷരക്ഷയ്ക്കായിട്ടു എന്തും ചെയ്യുന്നതിനുള്ള തന്റെ നിസ്സീമമായ ആഗ്രഹത്തിന്റെ ഒരുത്തമസാക്ഷ്യമാണ്.

പരിശുദ്ധ മറിയത്തിന്റെ ഇഹലോകജീവിതം ഇതാ അവസാനിക്കാറായിരിക്കുന്നു. പാവനതമമായ പ്രേമാധിക്യത്താൽ സ്വപുത്രനോടുകൂടി ചേരുന്നതിനു മാതാവു ആഗ്രഹിക്കുന്നു. തിരുസഭയുടെ സ്ഥാപനം സുസ്ഥിരമായിക്കഴിഞ്ഞു. മറിയത്തിന്റെ ദൃശ്യസാന്നിധ്യം ഇനി അവശ്യാവശ്യമായിരിക്കുന്നില്ല. ഈശോയോടു ഒന്നിക്കുന്നതിനു താൻ പ്രാർത്ഥിച്ചു. പ്രാർത്ഥനാനുസരണം ദൈവം പ്രവർത്തിക്കുകയും ചെയ്തു.

ചരിത്രകാരനായ യൂസേബിയസ,

സാക്ഷിപ്പെടുത്തുംവണ്ണം, എ. ഡി. ൪൮-ൽ, പരിശുദ്ധ കന്യകമറിയം ശ്ലീഹന്മാരാലും മററു വിശ്വാസികളാലും ആവൃതയായി നിൎവ്വാണശയ്യയിൽ കിടക്കുകയായിരുന്നു. മറിയത്തിനു അപ്പോൾ ൬൩ വയസ്സു പ്രായമാണ്; തന്റെ പതിനാറാമത്തെ വയസ്സിലാണ് ഈശോയെ താൻ പ്രസവിച്ചതെന്നാണു പൊതുവേയുള്ള അഭിപ്രായം. കിടക്കയുടെ അടുക്കൽ നിന്നുകൊണ്ടു നമ്മുടെ ദിവ്യരക്ഷകനായ ഈശോ സ്വമാതാവിന്റെ ആത്മാവിനെ ദൈവദൂതന്മാരുടെ അകമ്പടിയോടുകൂടി സ്വൎഗ്ഗത്തിലേക്കു കൂട്ടിച്ചുകൊണ്ടുപോയെന്നാണ് പാരമ്പൎയ്യം. ശീതളവും മ്ളാനവുമാണെങ്കിലും രമണീയവും, ചേതോഹരവും ആയ മൃതശരീരം ഇതാ, ദുഃഖിതരായി ചുററും മുട്ടിന്മേൽ നില്ക്കുന്ന വിശ്വാസികളുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. ശ്ലീഹന്മാരുടെ രാജ്ഞി— ക്രിസ്ത്യാനികളുടെ സഹായം— ഇതാ ജീവരഹിതയായി കിടക്കുന്നു. തങ്ങൾക്കുവേണ്ടി പ്രാൎത്ഥിക്കുന്നതിനു ക്ഷണനേരമെങ്കിലും താൻ വിസ്മരിക്കയില്ലെന്നുള്ള മാതാവിന്റെ വാഗ്ദാനമോൎത്തു അവർ ആശ്വാസചിത്തന്മാരായിക്കൊണ്ടു, പ്രേതമഞ്ചത്തെ നൂതനവും വിശേഷവുമായ കല്ലറയിലേക്കു വഹിച്ചുകൊണ്ടുപോകുന്നു. ശ്ലീഹന്മാരെപ്പോലെതന്നെ ഓർശ്ലമിലുള്ള അനേകം വിശ്വാസികളും മാതാവിന്റെ നിൎവ്വാണത്തെ ഓൎത്തു മൂന്നു രാവും മൂന്നു പകലും നിലവിളിച്ചതായി പറയപ്പെടുന്നു.

കന്യകമറിയത്തിന്റെ നിൎവ്വാണത്തിൽ സംബന്ധിക്കുന്നതിനായി ശ്ലീഹന്മാരെല്ലാവരും തന്നെ നാനാഭാഗത്തു നിന്നും സ്ഥലത്തെത്തിയിട്ടുണ്ടായിരുന്നു. എന്നാൽ നമ്മുടെ സ്വന്തം പിതാവായ തോമ്മാശ്ലീഹാ, മിശിഹായുടെ ഉത്ഥാനസമയത്തെന്നപോലെതന്നെ, ദേവമാതാവിന്റെ നിൎവ്വാണത്തിങ്കലും യഥാകാലം ഹാജരുണ്ടായിരുന്നില്ല. മാതാവിന്റെ മരണമടുത്ത വിവരം ദൈവത്തിന്റെ "അരുളപ്പാടാൽ" അറിഞ്ഞു, ഈ പ്രദേശങ്ങളിൽ നിന്നു നമ്മുടെ പിതാവ് ത്വരിതഗതിയായി പുറപ്പെട്ടിരിക്കണം. പക്ഷേ നിൎഭാഗ്യവശാൽ, മരണശേഷം മൂന്നാം ദിവസമേ സ്ഥലത്തെത്തുന്നതിനു സാധിച്ചുള്ളു. പരിശുദ്ധമറിയം മരിച്ചിട്ടു മൂന്നു ദിവസം കഴിഞ്ഞിരിക്കുന്നുവെന്നുള്ള വാൎത്ത, മേരീഭക്തനായിരുന്ന നമ്മുടെ പിതാവിനു മൎമ്മഭേദകമായിരുന്നു. ഹാ! ആ സൎവ്വാംഗസുന്ദരിയുടെ— നന്മനിറഞ്ഞ മറിയത്തിന്റെ— മുഖകമലവീക്ഷണം ഒരിക്കൽകൂടി അനുഭവിക്കുന്നതിനു താൻ എന്തുതന്നെ ചെയ്യയില്ല! തന്റെ അനുസ്യൂതമായ പ്രാൎത്ഥനമൂലവും, ശ്ലീഹായ്ക്കു മാതാവിനോടുള്ള ഭക്തിയുടെ അധികത കാരണത്താലും, മററു ശിഷ്യർ, നമ്മുടെ പിതാവിനെ കന്യകമറിയത്തിന്റെ കുഴിമാടത്തിങ്കലേക്കു കൂട്ടിക്കൊണ്ടുപോയി. നേരം സായാഹ്നമായിരുന്നു. അസ്തമയസൂൎയ്യന്റെ രശ്മിയേററു അവിടമെല്ലാം ഹേമവൎണ്ണമായിപ്പകൎന്നിരുന്നു. ശ്ലീഹന്മാരും മററുള്ളവരും കല്ലറ തുറന്നു. എല്ലാവരും, പ്രത്യേകം നമ്മുടെ പിതാവും, ഉൽകണ്ഠയോടെ നോക്കുന്നു. സൂൎയ്യപ്രകാശം കുഴിയിൽ തട്ടി, അകം മുഴുവനും ശോഭായമാനമാക്കി. എന്നാൽ എന്തു വിസ്മയമോ? മൃതശരീരം അവിടെ ഉണ്ടായിരുന്നില്ല. തോമ്മാശ്ലീഹായുടെ ഇച്ഛാഭംഗം ആരോടു പറയുന്നു. ദൈവജനനിയുടെ ശരീരം സ്വൎഗ്ഗത്തിലേക്കു എടുക്കപ്പെട്ട സംഗതി വെളിപാടാൽ അവർ അറിഞ്ഞു.

"ഓ കൎത്താവേ, അങ്ങും അങ്ങു ശുദ്ധീകരിച്ച പെട്ടകവും എഴുന്നേററു അങ്ങേ വിശ്രമസ്ഥലത്തേക്കു ഗമിച്ചാലും!" സങ്കീൎത്തനം ൧൩൧. ൮. ഒരു പക്ഷെ പ്രസ്തുത വേദവാക്യമുച്ചരിച്ചുകൊണ്ടായിരിക്കാം ശ്ലീഹന്മാർ മടങ്ങിയത്.

ഇങ്ങനെ രണ്ടു പ്രശസ്തശരീരങ്ങൾ ഇപ്പോൾ സ്വൎഗ്ഗത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. ഒന്നു നമ്മുടെ ദിവ്യരക്ഷകന്റേതു്. മററതു അങ്ങേ പരിശുദ്ധ ജനനിയുടേതു്. ഇങ്ങനെ, പാപമാകട്ടെ തൽഫലങ്ങളാകട്ടെ സ്ഥാനം പിടിച്ചിട്ടില്ലാത്ത കന്യകമറിയത്തോടു ഈ മാസത്തിൽ പ്രത്യേകമായ വിധത്തിൽ നമുക്കു പ്രാൎത്ഥിക്കാം. മാതാവിന്റെ തിരുഹൃദയത്തോടുള്ള ഭക്തി പ്രദൎശിപ്പിക്കേണ്ട മാസവും ഇതാണല്ലൊ. പരിശുദ്ധ ദൈവജനനി നമ്മുടെയും അമ്മയാകുന്നു. വിധിദിവസത്തിൽ ഈ അമ്മയെ അനുഗമിച്ചു സ്വൎഗ്ഗത്തിൽ പ്രവേശിക്കുന്നതിനുള്ള ഭാഗ്യം

സിദ്ധിക്കുന്നതിനായി, സ്വശരീരത്തോടെ സ്വർഗ്ഗപ്രവേശനം ചെയ്തതിൻെറ സ്മരണാർത്ഥം കൊണ്ടാടപ്പെടുന്ന ഈ തിരുനാളിൽ, നമുക്കേവരും ഹൃദയപൂർവ്വം പ്രാർത്ഥിക്കാം. അമ്മയായ മറിയം നമ്മുടെ അപേക്ഷയെ ഉപേക്ഷിക്കുകയില്ലെന്നു നമുക്ക് ആശംസിക്കാം.

## പ്രസാധകക്കുറിപ്പുകൾ.

### കൊച്ചി ഗവമ്മെണ്ട്.

പുതിയ കൊച്ചി ദിവാന്നു സ്വാഗതം പറഞ്ഞ അവസരത്തിൽ, അദ്ദേഹം ജാതിമതഭേദമെന്ന്യെ രാജ്യഭാരം ചെയ്തു കാണുന്നതിനിടയാകുമെന്നു 'കുസുമം' പ്രതീക്ഷിച്ചിരുന്നുവല്ലൊ. അദ്ദേഹത്തിൻെറ ഓരോ പ്രവൃത്തിയും കൊച്ചിജനതയ്ക്കുന്നല്ല, കേരളീയരൊട്ടുക്ക് തൃപ്തി വരത്തക്ക നിലയിലാണെന്നു പ്രസ്താവിക്കുന്നതിനു ഞങ്ങൾക്കു സന്തോഷമുണ്ട്. തൃശ്ശിവപേരൂർ ഒരീഴവനെ മജിസ്ത്രേട്ടായിട്ട് നിയമിച്ചതും ഒരു സുറിയാനിക്കത്തോലിക്കനെ ചീഫ്കോർട്ടു ജഡ്ജിയായി തെരഞ്ഞെടുത്തതും ബഹുജനസംതൃപ്തിയെ ഉല്പാദിപ്പിക്കുന്ന പ്രവൃത്തികളാണ്. ഇപ്പോഴത്തെ ക്ഷാമത്തെ നിവാരണം ചെയ്യുന്നതിനു മിസ്റ്റർ വിജയരാഘവാചാരി ചെയ്യുന്ന പരിശ്രമങ്ങൾ അനുകരണീയങ്ങൾ തന്നെ. ഇദ്ദേഹം ക്ഷാമദേവതയോടു സമരം ചെയ്യുന്നതിൽ കാണിക്കുന്ന വൈഭവമൊ വിഷൂചിക, മസൂരി, പ്ലേഗ് ഇത്യാദി സാംക്രമിക രോഗങ്ങളെ നാട്ടിൽനിന്നു ഉന്മൂലനം ചെയ്യുന്നതിൽ പ്രദർശിപ്പിക്കുന്ന പാടവമൊ ഏതാണ് ശ്ലാഘ്യതരമെന്നു പറയുന്നതിനു നിവൃത്തിയില്ല.

### തിരുവിതാംകൂർ ഗവമ്മെണ്ട്.

ക്ഷാമനിവാരണാർത്ഥം നമ്മുടെ ഗവമ്മെൻറ് സ്തുത്യർഹങ്ങളായ പലേ ശ്രമങ്ങളും ചെയ്തുകൊണ്ടാണല്ലൊ ഇരിക്കുന്നത്. സിവിൾസപ്ളൈസ് ഡയറക്ടർ മിസ്റ്റർ കണ്ണിംഗാം ഏതദ്വിഷയത്തിൽ ബദ്ധശ്രദ്ധനായി പ്രവർത്തിച്ചുവരുന്നു. ഗവമ്മെണ്ടിൽനിന്നും അപ്പഴപ്പോൾ ചെയ്യുന്ന സദുദ്യമങ്ങളെപ്പററി ഇവിടെ അയച്ചുതരുന്ന പ്രസ്സുകൊമ്യൂനിക്കുകളിൽനിന്നും അറിയുന്നതു, അറുപത്തൊന്നുലക്ഷത്തി അറുപത്തെണ്ണായിരത്തിരുനൂറു രൂപായുടെ നെല്ലുമരിയും ഇതേവരെ ഇവിടെ ഇറക്കുമതി ചെയ്തിട്ടുണ്ടെന്നാണ്. നവമ്പർ മാസംവരെ മാസംതോറും ഓരോ ലക്ഷം ചാക്കു നെല്ലുവീതം വാങ്ങി അയക്കുന്നതിനു ബർമ്മാ കമ്പിനിക്കാരുമായി നമ്മുടെ ഗവടെ ഗവമ്മെൻറു ഏർപ്പാടു ചെയ്തിരിക്കുന്നതായറിഞ്ഞു സന്തോഷിക്കുന്നു.

### ഒരു നൂതന സഹജീവി.

The 'Standard' ദിസ്റ്റാണ്ടാർഡ് എന്ന അഭിധാനത്തിൽ മദ്രാസിൽനിന്നു പുറപ്പെട്ടു തുടങ്ങിയിരിക്കുന്ന കത്തോലിക്കാ പത്രത്തിൻെറ ഒന്നാം വാല്യം ഒന്നാം നമ്പർ അഭിപ്രായത്തിനും മാററത്തിനും ആയിട്ടു അയച്ചതു കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു. ഭാരതീയ കത്തോലിക്കരുടെ സാമുദായികവും രാഷ്ട്രീയവുമായ അഭിവൃദ്ധിയെ മുന്നിറുത്തിക്കൊണ്ടു നടത്തുവാനാരംഭിച്ചിരിക്കുന്ന ഈ നൂതന സഹജീവിക്കു ഞങ്ങൾ സകല മംഗളങ്ങളും ആശംസിക്കുന്നു. ഒന്നാംതരം കടലാസിൽ ആധുനികതമ സമ്പ്രദായത്തിൽ പന്ത്രണ്ടുവലിയപക്ഷങ്ങളോടുകൂടി ആഴ്ചതോറും പുറപ്പെടുവാനിരിക്കുന്ന ഈ ഉൽകൃഷ്ടപത്രികയ്ക്കു വച്ചിരിക്കുന്ന വരിസംഖ്യ തീരെ തുച്ഛമാണ്. പ്രതിവർഷം മുൻകൂർ രൂപാ ആറുമാത്രം. ആവശ്യക്കാർ, The Editer The Standard Royapuram Madras എന്ന മേൽവിലാസത്തിൽ എഴുതുക.

# തിരുസഭയും രാജ്യഭരണവും

"തിരുസഭാമേലദ്ധ്യക്ഷന്മാർ ലൌകിക ഭരണത്തിൽ എന്തിനാണു് തലയിടുന്നതു്? ക്രിസ്തീയജനസഞ്ചയത്തെ സംരക്ഷിക്കുന്ന പാപ്പാസ്സു് രാജ്യങ്ങളുടേയും സാമ്രാജ്യങ്ങളുടേയും ഭരണകാൎയ്യത്തിൽ ഏൎപ്പെടുവാൻ എന്തവകാശമാണുള്ളതു്? ഇങ്ങിനെയുള്ള അത്യാഗ്രഹപ്രവൃത്തികളുടെ ഫലമായി ഭയാനകങ്ങളായ എത്രയോ അനുഭവങ്ങൾ ഉൽപാദിതങ്ങളായിട്ടുണ്ടു്" ഈ ചോദ്യങ്ങളുടെ ഉത്തരം വളരെ എളുപ്പത്തിൽ ഗ്രാഹ്യമായിട്ടുള്ളതാണു്. തിരുസഭയും തിരുസഭാമേലദ്ധ്യക്ഷന്മാരും സാന്മാൎഗ്ഗികവും നീതിസംബന്ധവുമായ തത്വങ്ങളെപ്പററി എപ്പോളെല്ലാം വിവക്ഷയുണ്ടാകുമോ അപ്പോളെല്ലാം രാജ്യകാൎയ്യങ്ങളിൽ സംബന്ധിക്കുന്നതിനു തിരുസഭയും സഭാദ്ധ്യക്ഷന്മാരും നിബന്ധിതരാകുന്നു. നീതിയേയും സത്യത്തേയും പാലിക്കുന്നതിനു പ്രജകളേപ്പോലെ തന്നെ രാജ്യങ്ങളും കടപ്പെട്ടിരിക്കുന്നു. പ്രസ്തുത തത്വങ്ങൾ എപ്പോൾ നിഷേധിക്കപ്പെടുമോ അപ്പോൾ തിരുസഭക്കു അതിൽ പ്രവേശിച്ചു അതിനെ ക്രമപ്പെടുത്തേണ്ട ഭാരം ഉണ്ടു്. എന്തെന്നാൽ ദൈവം തന്നെയാണു് സന്മാൎഗ്ഗപരിപാലകനായിട്ടു തിരുസഭയെ നിശ്ചയിച്ചതു്. ആധുനികയൂറോപ്പു് പാപ്പാമാരുടെ പ്രവൃത്തികളോടു വളരെ കടപ്പെട്ടിട്ടുണ്ടു് കഴിഞ്ഞ അഞ്ചും അതിനെ തുടൎന്നിരുന്നതുമായ ശതാബ്ദങ്ങളിൽ റോമ്മൻ സാമ്രാജ്യങ്ങളിൽ കൂടെ സഞ്ചരിച്ചുകൊണ്ടിരുന്ന ഒരു കൂട്ടം അപരിഷ്കൃതവൎഗ്ഗക്കാരെ പരിഷ്കൃതരാക്കി കാലാന്തരത്തിൽ സത്യവേദത്തിൽ ചേൎത്തതു റോമ്മാത്തിരുസഭ ഒന്നുമാത്രമല്ലയൊ? റോമ്മൻ സാമ്രാജ്യത്തെ അധഃപതനത്തിൽനിന്നു വിമുക്തമാക്കിയതും പരിശുദ്ധ തിരുസിംഹാസനത്തിന്റെ അക്ഷീണമായ പ്രവൃത്തികളാലാണല്ലൊ ഹിൽഡബ്രാൻഡിന്റേയും അദ്ദേഹത്തിന്റെ അനുഗാമികളുടേയും കാലത്തു സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ യുദ്ധത്തിൽ വിജയം പ്രാപിച്ചതും റോമ്മാത്തിരുസഭ ഒന്നുകൊണ്ടുമാത്രമാണു്. പ്രസ്തുത സംഭവത്തെപ്പററി ജേംയിസ് സ്റ്റീഫൻസ് പറയുന്നതിപ്രകാരമാണു്. യൂറോപ്പിനെ എല്ലാപ്രകാരത്തിലും ദുസ്സഹമായ വിധത്തിൽ ഉപദ്രവിച്ചുകൊണ്ടിരുന്നതും ഏററവും നീചവും ക്രമപ്പെടുത്തുവാൻ പാടില്ലാത്തതുമായ വേറൊരു അക്രമണങ്ങളെ ജയിച്ച ഒരു മഹാശക്തിയാണു് വി. റോമ്മാ തിരുസിംഹാസനം.

വൈദികശക്തികളുടെ ഐക്യമാണു് ലൌകികഭരണാധികാരികളുടെ ശക്തികളെക്കാൾ ശക്തിമത്തായിട്ടുള്ളതു്. പശ്ചിമയൂറോപ്പിന്റെ ആശ്രിതനും പൌരസ്ത്യയൂറോപ്പിന്റെ ഭൃത്യനും തമ്മിലുള്ള വ്യത്യാസം, പാപ്പാമാൎക്കു ശക്തിയില്ലായിരുന്നു എങ്കിൽ അന്നിരുന്നതുപോലെ ഇന്നും സ്വാതന്ത്ര്യംകൂടാതെ ഇരിക്കുമായിരുന്നു. ഹിൽഡ്ബ്രാൻഡിന്റെ ഭരണം എത്രതന്നെ അസമാനത്തിലായിട്ടുള്ളതായിരുന്നാലും അതു മനുഷ്യരുടെ മാനസികപോഷണത്തെ കാംക്ഷിച്ചിരുന്നുവെന്നുള്ളതു നിൎവ്വിവാദമാണു്. ആത്മാവും ശരീരവും വിദ്യയും അജ്ഞാനവും മതവും അധൎമ്മവും തമ്മിലുള്ള ഒരു യുദ്ധമായിരുന്നു മദ്ധ്യശതാബ്ദങ്ങളിൽ ഉണ്ടായിരുന്നതു്. പാപ്പാമാൎക്കു ഒരു സാമ്രാജ്യം ഉണ്ടായിരുന്നു. അങ്ങിനെ ഒന്നില്ലായിരുന്നെങ്കിൽ തിരുസഭയേയും മററു ലോകത്തേയും നിശ്ശേഷം അടിമയാക്കുമായിരുന്നു. തിരുസഭയുടെ ഈ വിജയം എല്ലാവരുടേയും പ്രശംസക്കു പാത്രീഭവിക്കുകയും തൽഫലമായി ഒരസാധാരണമതപ്രചാരം എല്ലായിടത്തും ഉണ്ടാക്കുകയും അ൩ പതിമ്മൂന്നാം നൂററാണ്ടിൽ പരമകാഷ്ഠയെ പ്രാപിച്ച പാപ്പാസ്സു ലൌകിക ഭരണത്തിൽകൂടിയും ഒരു വലിയ അംശം ലഭിക്കുകയും ചെയ്തിട്ടുണ്ടു്. അക്കാലത്തെ ഭക്തിയുടേയും വിശ്വാസത്തിന്റേയും സൂചനങ്ങളായി അനവധി സ്മാരകങ്ങൾ ഇപ്പോഴും യൂറോപ്പിലുള്ള കലാലയങ്ങളിലും മെത്രാസനപ്പള്ളികളിലും

തോമ്മസ് അക്വീനാസിന്റെ പുസ്തകത്തിലും ദോമ്മിനീക്കോസ് പ്രാൻസീസ്കാസ് എന്നീ സഭകളിലുള്ള ഗുരുക്കന്മാരുടെ ലേഖനങ്ങളിലും കാണുന്നുണ്ട്. ഇതുകൾ യൂറോപ്യൻ സമുദായങ്ങളെ ആനന്ദസാഗരത്തിൽ മുക്കിപ്പൊക്കി അഭിമാനികളാക്കിത്തീർക്കുന്നു.

യൂറോപ്പിലെ ഉച്ഛൃംഖല ഭരണാധികാരികളെ നല്ലപാഠം പഠിപ്പിച്ചതു റോമ്മാത്തിരുസിംഹാസനത്തെ അധിവസിച്ചിരുന്ന പാപ്പാമാരുടെ ഭരണനൈപുണ്യംകൊണ്ടു മാത്രമാണ്. രാജാക്കന്മാരേയും ചക്രവർത്തികളേയും, വേണ്ടവിധത്തിൽ രാജ്യഭരണം ചെയ്വാൻ പ്രോത്സാഹിപ്പിച്ച വിശുദ്ധ പത്രോസിന്റെ അനുയായികളുടെ പ്രവൃത്തി നിസ്സാരമായിട്ടുള്ളതാണോ? അപ്രകാരമുള്ള യുദ്ധങ്ങളെ തടഞ്ഞ് അവരുടെ ക്രൂര പ്രവൃത്തികളെ ഇല്ലാതാക്കിയതു തെറ്റുതന്നയോ? ഭിക്ഷാടനം ചെയ്തുകൊണ്ടിരുന്ന നിരവധി ജനങ്ങൾ പാപ്പായിൽ അഭയസ്ഥാനത്തെ കണ്ടെത്തിയതുകൊണ്ട് അദ്ദേഹത്തിനുള്ള കുറ്റമെന്താണ്? എല്ലാവരുടേയും അപ്രീതിക്ക് പാത്രവാന്മാരായ യഹൂദന്മാർ ആരുവഴിയാണ് സഹായം കണ്ടെത്തിയതു? പാപ്പാമാർ തന്നെയല്ലയൊ ഇവരെ സംരക്ഷിച്ചുകൊണ്ടിരുന്നതു്? ഫിലിപ്പ് ലെബെല്ലിനെപ്പോലെയുള്ള പ്രാൻസിലെ രാജാക്കന്മാർ പാപ്പാമാരുടെ അധികാരത്തേയും അവരുടെ പ്രവൃത്തികളേയും തീരെ തുച്ഛമാക്കുന്നു. ഇതു കാലാനുസൃതങ്ങളായ ഭേദഗതികൾ കൊണ്ടാണെന്നുവരുമോ? ഇപ്രകാരമുള്ള രാജാക്കന്മാരേയും അവരുടെ അധർമ്മ ഭരണത്തേയും തടയുന്നതിനു ചിലർ ഉണ്ടായതിൽ നാം ദൈവത്തെ പ്രത്യേകം സ്തുതിക്കേണ്ടതാണ്. പാപ്പാമാരുടെ രാജ്യഭരണസംബന്ധമായ അധികാരത്തെ നിർമ്മൂലനാശം വരുത്തിയതിൽ പിന്നെയുള്ള നാനൂറു കൊല്ലത്തെ യൂറോപ്പിന്റെ സ്ഥിതി എങ്ങിനെയിരിക്കുന്നു? തദനന്തരം യുദ്ധം, കവർച്ച ഞെരുക്കം എന്നിത്യാദികൾക്കു യൂറോപ്പു ഒരു വിളനിലമായിരുന്നില്ലയോ? യൂറോപ്പിലെ രാജ്യഭരണകാര്യത്തിൽനിന്നും അക്രമം വക്രത മുതലായതുകൾ വല്ലപ്പോഴും മാറിപ്പോയിട്ടുണ്ടോ? അവരുടെ ഭരണം എല്ലാപ്രകാരത്തിലും സമാധാനത്തിലും ഐക്യത്തിലും ആണോ കഴിഞ്ഞുകൂടിയിരുന്നതു? അതോ അനാഥമായ ഒരു നിലയിലാണോ ഇരുന്നതു്?

ക്രിസ്തീയ ധർമ്മതത്വങ്ങളെ അനാദരിക്കുന്ന ഒരു സ്ഥാപനവും വളരെക്കാലം നിലനില്ക്കുകയില്ലെന്നു ഒരു കാലത്തു മനുഷ്യൻ വിശദമായി മനസ്സിലാക്കും. ഈ തത്വമാണ് രാജാവിനും പ്രജകൾക്കും ഒരുപോലെ അവരവരുടെ ധർമ്മാധർമ്മങ്ങളെ കാണിച്ചുകൊടുക്കുന്നതു്. പാപ്പാമാരുടെ ലൌകികഭരണാധികാരത്തെ തിരസ്കരിക്കുന്ന കാലത്തോളം യൂറോപ്പിലുള്ള ഒരു രാജ്യത്തിനും ശരിയായ അഭിവൃദ്ധിയും ഐശ്വര്യവും ഉണ്ടാകയില്ലെന്നു ഇതിൽനിന്നും നമുക്കു ഏറെക്കുറെ അനുമാനിക്കാം.

ഫാദർ ജോസഫ് ചക്കുംകൽ
പി. എച്ച്. ഡി; ഡി. ഡി.

# മൈത്രി.

മിത്രം എന്ന പദത്തിൽ എന്തെല്ലാമാണ് അടങ്ങിയിരിക്കുന്നതു്. ഈ ഭൂമിയിൽ കാണുന്നതിനു കേവലം അസാദ്ധ്യമായ ഒരുവനെയാണ് ഞാൻ ഈ പദംകൊണ്ടുദ്ദേശിക്കുന്നതു്. പ്രതിക്ഷണം എന്നപോലെ എന്നിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭാവഭേദങ്ങളെ മനസ്സിലാക്കി സന്താപങ്ങളിൽ എന്നോടുകൂടി സഹതപിക്കയും, സന്തോഷങ്ങളിൽ ഭാഗഭാക്കുകളാകയും ചെയ്യത്തക്ക സ്വഭാവത്തോടുകൂടിയ ഒരാളാണ് മിത്രം. അയാൾ എ

ന്റെ ഹീനതയേയും ജളത്വത്തേയും കാണുമ്പോൾ എന്നെ നിന്ദിക്കയില്ല. എന്റെ നിർദ്ദയയേയും അവിവേകത്തേയും പററി ആക്ഷേപിക്കയുമില്ല. വിചാരം, വചനം, പ്രവൃത്തി എന്നിതുകളിലുള്ള എന്റെനിർദ്ദയത്വത്തെ ഞാൻ അതിൽനിന്നു വിമുക്തനാകുന്നതുവരെ അദ്ദേഹം സഹിക്കും. ഞാൻ അഹംഭാവിയോ, നാട്യക്കാരനോ, പ്രസരിപ്പുകാരനോ ആയി നടക്കുന്ന സമയം അതുകൾ അല്പനേരത്തേക്കു മാത്രമുള്ള ചപലതകൾ എന്നു മനസ്സിലാക്കി അദ്ദേഹം മന്ദസ്മിതം തൂകുകയും അവയെ സഹിക്കയും ചെയ്യും. ഞാൻ ഈർഷ്യപ്പെട്ടും, അക്ഷമനോ വിഷണ്ഡനോ ആയിട്ടും ഇരിക്കുന്ന സന്ദർഭങ്ങളിൽ അതുകൾക്കു ശമനംവന്ന് ആരോഗ്യത്തെ പ്രാപിക്കുന്നതുവരെയും എന്റെമേൽ കനിവു തോന്നി അടങ്ങുകയും ചെയ്യുന്നു.

ഒരുത്തമ സ്നേഹിതൻ എന്റെ ദുഃഖാരിഷ്ടങ്ങളെ എന്നിൽനിന്നു മറയ്ക്കുന്നില്ല. താൻ മനസ്സമാധാനത്തോടും ശാന്തതയോടും കൂടിയിരിക്കുന്നെങ്കിലും ചപലപ്രകൃതി എനിക്കു മാത്രമുള്ളതാണെന്ന ഭാവം സൂചിപ്പിക്ക കൂടി ചെയ്യുന്നില്ല. എന്റെ ഭാവപ്പകർച്ചകളേയും വീഴ്ചകളേയും അപരാധങ്ങളേയും അദ്ദേഹത്തെ ഞാനറിയിക്കുന്നതുപോലെതന്നെ എന്റെ അററകുററങ്ങളേയും ഞാൻ അദ്ദേഹത്തെ തെററിദ്ധരിപ്പിക്കയോ ദ്വേഷിക്കയൊ ആക്ഷേപിക്കയോ തന്റെ സഹവാസത്തെ ഉപേക്ഷിക്കയൊ ചെയ്കയില്ലെന്നുള്ള ദൃഢവിശ്വാസത്തോടു കൂടെ അദ്ദേഹം എന്നെയും അറിയിക്കുന്നു. ഇതു വളരെ പ്രയാസമായ ഒരു സംഗതി തന്നെ. എന്നാൽ ഒരുത്തൻ എന്റെ ആപ്തമിത്രം ആകുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തോടു പെരുമാറുന്നതുപോലെ അദ്ദേഹം എന്നോടും പെരുമാറണം. അയാൾ എന്റെ രക്ഷാകർത്താവോ, മാർഗ്ഗദർശകനോ, ഉത്തമമാതൃകയൊ ആകുന്നുവെങ്കിൽ അദ്ദേഹത്തെ സ്നേഹിക്കയും മാനിക്കയും ചെയ്യേണ്ടതുതന്നെ. ഖണ്ഡിച്ചുപറകയാണെങ്കിൽ അയാളപ്പോൾ എന്റെ സ്നേഹിതൻ അല്ല. ഞങ്ങൾ തമ്മിൽ "എന്റെ നിന്റെ" എന്ന വ്യത്യാസംഇല്ല. ഓരോരുത്തർക്കു സ്വതേയുള്ള ഗുണങ്ങളും നന്മകളും എന്തുതന്നെയായിരുന്നാലും അതുകൾ ഞങ്ങളെ ഭിന്നിപ്പിക്കുന്നില്ല. ഞാൻ മിടുക്കനൊ, ജ്ഞാനിയോ, ശക്തനൊ, പുണ്യവാനോ എന്ന് അയാൾക്കു തോന്നുന്നുവെങ്കിൽ തന്മൂലം എന്നെ വണങ്ങുകയോ ഞാൻ തന്നിൽനിന്നു വ്യത്യസ്തപ്പെട്ടവനെന്നു കരുതുകയോ ചെയ്യുന്നുമില്ല. അയാൾ കുലീനനും ധനവാനും ബുദ്ധിമാനും ആണെന്നിരിക്കിലും അതുകളെപ്പററി ഞാൻ വിചാരിക്ക കൂടി ചെയ്യുന്നില്ല. ഞങ്ങൾ തമ്മിൽ പകക്കാതെയും പിടിക്കാതെയും വിട്ടും തുറന്നും നിസ്സംശയമായും സ്വാതന്ത്ര്യത്തോടുകൂടിയും സദാ പെരുമാറുന്നു. മററു യാതൊന്നും തന്നെ ഞങ്ങളുടെ സമഭാവനക്കു ഭംഗംവരുത്തുന്നില്ല.

സ്നേഹിതൻ എന്നതിനു ഞാൻ അർത്ഥമാക്കിയിരിക്കുന്നതു ഇങ്ങിനെയാണ്. അത്രക്കു പൂർണ്ണമായ ഒരുമയാണ് മൈത്രി. ഇപ്രകാരമുള്ള ഒരു സ്നേഹിതനു അമാനുഷികമായ ഒരു ഗുണത്തെയാണോ ഞാൻ ആഗ്രഹിക്കുന്നതു? ഇത്രക്കു പൂർണ്ണമായ ഒരു ഒരുപ്പം സാദ്ധ്യമോ? അത്ഭുതം! യുവജനങ്ങൾ ഇപ്രകാരമുള്ള ഒരു സ്നേഹിതനെ അല്ലെങ്കിൽ സ്നേഹിതയെ ആരാഞ്ഞുനടക്കുന്നു. താൻ ആഗ്രഹിക്കുന്ന നിക്ഷേപം കണ്ടെത്തിയെന്നു വിചാരിച്ച് ആദ്യം ഒന്ന്, പിന്നെ മറെറാന്നു. ഇങ്ങനെ ഓരോന്നിനെ അവലംബിക്കുന്നു. എത്ര പ്രാവശ്യമാണ് അവൻ ഭഗ്നോത്സാഹിയായിത്തീരുന്നത്? തന്നെക്കാൾ പ്രായമുള്ള ഒരുവനിൽ സ്നേഹം ഉറപ്പിച്ചു. എന്നാലയാൾ ഒരു മിത്രമല്ലെന്നും സൽസ്വഭാവിയും ഉത്തമനും ആയ ഒരു രക്ഷാകർത്താവാണെന്നും ക്ഷണേന ബോദ്ധ്യപ്പെട്ടു. എന്നെ നേർവഴിക്കു നടത്തുന്നതിനു അയാൾക്കു ശക്തിയും സഹനശീലവും ഉണ്ട്. പക്ഷെ മൈത്രിയുടെ കാതലാകുന്ന വിനയം എന്നൊന്നില്ലെന്നുള്ള പോരായ്മ മാത്രം!

ഇത് എന്റെ ജീവിതദശയിൽ സാധാരണയായുണ്ടായിരുന്ന ഒരിച്ഛാഭംഗമാണ്. മൈത്രിയെ ഉണക്കി (വരട്ടി) വെറും രക്ഷാധികാരം ആക്കിത്തീർക്കുന്നത് — സ്നേഹത്തെ കൊല്ലുന്നത് — എന്തെന്നാൽ തന്റെ യഥാർത്ഥ സ്ഥിതിയെ സ്നേഹിതൻ എന്നെ അറിയിക്കുന്നില്ല എന്നതുതന്നെ.

എൻെറ സർവ്വവും ഞാൻ അയാൾക്കു ദാനംചെയ്തു. അതിൻെറ ഒരു പ്രതിബിംബമാണ് അയാൾ എനിക്കു തിരിച്ചു തരുന്നത്. തൻെറ സകലതും ദർപ്പണത്തിൻെറ പുറംകൊണ്ടു ആച്ഛാദനം ചെയ്യുന്നു. കപടമുള്ളവരും ഉത്താനബുദ്ധികളുമായ മിത്രങ്ങളെക്കുറിച്ചു ഞാൻ വിശേഷാൽ ഒന്നുംതന്നെ പറയുന്നില്ല. ഇവർ മൈത്രിക്കു അപ്രാപ്തർ. അവരെ അറിഞ്ഞു അവരുടെ സ്വഭാവപ്രകൃതികളെ വിവേചനം ചെയ്തു തൂക്കി പോരായ്മകളെ കാണുന്നതു വ്യഥാവിൽ ആകയില്ല. മനുഷ്യജ്ഞാനത്തിൻെറ അഭിവൃദ്ധിക്കു അതുപകരിക്കും. മൈത്രിയേയും അതിൻെറ ശക്തിയേയും ഗ്രഹിച്ച് അതിനെ ദൃഢീകരിക്കുന്നതിനുള്ള ശ്രമത്തിൽതന്നെ അതുവരണ്ടുപോകുന്നതിലാണു നൈരാശ്യം ഭവിക്കുന്നത്. എന്നിരിക്കിലും സംതൃപ്തിയോടുകൂടിയ അവസരങ്ങളും ഉണ്ടായിട്ടുണ്ട്. ഒരിക്കൽ എൻെറ മേധാവിയായ ഒരു വയോധികൻ തൻെറ കഷ്ടാരിഷ്ടതയിൽ എൻെറ മുറിയിൽ അഭയം പ്രാപിച്ച് സങ്കടം സഹിക്കവയ്യാതെ കണ്ണുനീർ വാർത്തു വാവിട്ടു കരഞ്ഞുപോയി. ഓ! അതൊരു ഭാഗ്യപ്പെട്ട സമയമായിരുന്നു. പൂർണ്ണസ്നേഹത്തിൻെറ ഒരു വിനാഴിക! കച്ചവടസംഘത്തിൽ ഒരുദ്യോഗസ്ഥനായിരുന്നു ഞാൻ. സ്ത്രീപുരുഷന്മാരാൽ നിബിഡമായിരുന്ന ഒരു സ്ഥലത്തു നിൽക്കയിൽ വളരെ നാൾമുൻപു എൻെറ സഹപാഠിയായിരുന്ന ഒരാൾ അതിലെ കടന്നുപോയി. അയാൾ എന്നെയും ഞാൻ അയാളേയും അഭിമുഖമായി ഒന്നു നോക്കി. തമ്മിൽ ഒരക്ഷരമെങ്കിലും ഉരിയാടിയില്ല. എത്രയോ നാളായി ഞാൻ അയാളെ കണ്ടിട്ട്. എങ്കിലും ആ സന്ദർഭം പൂർണ്ണസ്നേഹത്തിൻെറ വിലയേറിയ ഒന്നായിരുന്നു. ഏവംവിധങ്ങളായ സംഭവങ്ങളെ പരസ്യപ്പെടുത്തുന്നതു ഒരുവേള മൈത്രിയെ പീഡിപ്പിച്ചേക്കും എന്നു ഭയന്ന് ദൃഷ്ടാന്തരൂപേണ ഒന്നുംതന്നെ പറയുന്നില്ല. അതേ! ഈ പ്രസ്താവിച്ചതുപോലുള്ള സ്നേഹവും സംഭാവ്യമാണ്. എന്തെന്നാൽ മനുഷ്യസ്വഭാവം അഗാധവും, സ്നേഹത്തിൻെറ ശക്തി, മഹത്തായതുമാകുന്നു. എങ്കിലും അതുപരിമിതമാണ്. എൻെറ ഗാഢമിത്രമെങ്കിലും അയാളാൽ അപ്രാപ്യങ്ങളായതുകളെ പ്രതീക്ഷിക്കുവാനും ആവശ്യപ്പെടുവാനും പാടില്ലല്ലോ. ചോദിച്ചാൽ കിട്ടുന്നതെങ്ങിനെ? നേരെ മറിച്ചു സ്നേഹം ആവശ്യപ്പെടുന്നവ എന്തുമാത്രമെന്നു ചിന്തിക്കൂ! അത് എൻെറ ചേതോവികാരങ്ങളെ അങ്ങോട്ടു വെളിപ്പെടുത്താതെകണ്ടുതന്നെ അവയെ ഗ്രഹിക്കത്തക്ക ബുദ്ധിയെ ആവശ്യപ്പെടുന്നു. സ്വകഷ്ടാരിഷ്ടങ്ങളിൽ നിന്നുണ്ടാകുന്ന ദുഃഖങ്ങളെക്കാൾ സഹതാപത്താലുണ്ടാകത്തക്ക ഒരു ഹൃദയത്തെ ആവശ്യപ്പെടുന്നുണ്ട്. സ്വന്തമായുള്ളതു സകലതും മാററാതെയും മറയ്ക്കാതെയും തൻെറ മിത്രത്തിൻപക്കൽ ഏല്പിക്കുന്നതിനുതകത്തക്കതായ പുണ്യപൂർണ്ണതയോടുകൂടിയതും പുണ്യത്തിൽ എളിമയുള്ളതുമായ ഒരു പുരുഷസത്തമനെയാണു ആഗ്രഹിക്കുന്നത്. സ്നേഹിതൻഎന്തെങ്കിലും ആവശ്യപ്പെടുമ്പോൾ പ്രത്യുത്തരം പറയാതെയും പ്രതിഫലേച്ഛകൂടാതെയും എന്തും ചെയ്യുന്നതിനു സന്നദ്ധനായിരിക്കണം തൻെറ മിത്രം "ഇത്രയും അധികം സ്നേഹം ആർക്കുമില്ല. തൻെറ സ്നേഹിതനുവേണ്ടി ജീവനെ പൂജിക്കുന്നു" ഈ ഗുണങ്ങളോടുകൂടിയ ഒരു മനുഷ്യജീവി എങ്ങാനുമുണ്ടോ? എവിടെ കാണും?

ഭൂലോകമൊട്ടുക്ക് "പഠിച്ചപണി പതിനെട്ടും" കഴിച്ചു തിരഞ്ഞാലും ഒരുവനിൽ അല്ലാതെ മററാരിലും ഇപ്രകാരമുള്ള സ്നേഹം കണ്ടുകാണുകയില്ലെന്നു ഞാൻ ശപഥംചെയ്യാം. ഇരുവരിൽ ഒരുത്തൻെറ മരണത്തിനു കാരണമായി വന്നേക്കാമെങ്കിലും ഒരുത്തനിൽ അടങ്ങാത്തതും തൻെറ ശക്തി കവിഞ്ഞതുമായ മനുഷ്യസ്നേഹം ഇല്ലല്ലൊ. ഇത് പരാധീനമല്ലാതെ ഒരുവനിൽ മാത്രം കാണുന്നു. പറയാതെകണ്ടു ഞാൻ അറിയുന്നതിനേക്കാൾ നല്ലവണ്ണവും ആദിമുതലും എന്നെ അറിയുന്നവനായ ഒരുവനേയുള്ളു. എനിക്കുവേണ്ടി സ്വമനസ്സാലെ മർദ്ദിക്കപ്പെട്ടു ആദ്യം ചോരഒലിപ്പിച്ചവനായ ഒരേ ഒരു ഹൃദയം മാത്രം! അധികം രക്തം പ്രവഹിക്കുന്നത് എൻെറ ഹൃദയത്തിനു ചതവു പററുന്നതിനാലാണ്. എൻെറ ഹൃദയം നിശ്ചേഷ്ടമായിരിക്കുമ്പോൾ അതിൽ

നിന്നു രക്തകണങ്ങൾ സദാ വീണുകൊണ്ടിരിക്കുന്നു. തനിക്കുള്ളതും താനാകുന്നതും ശക്തിയും അശക്തിയും എന്നു തോന്നിക്കുന്നവയും, സന്തോഷവും സന്താപവും പരീക്ഷയും വെറുപ്പും കണ്ണുനീരും കരച്ചിലും അസ്വാസ്ഥ്യവും ചുരുക്കിപ്പറഞ്ഞാൽ സകലതും എന്നെ അറിയിച്ചിട്ടുള്ളതും എന്റെ സ്വന്തമാക്കിവച്ചിട്ടുള്ളതുമായ ഏകനെമാത്രമേ കാണുന്നുള്ളൂ. പ്രതിഫലേച്ഛാലേശവുമില്ല. എന്റെ യാഥാർത്ഥ്യത്തേയും, ഗുണാഗുണങ്ങളേയും വശാവശതകളേയും മനസ്സിലാക്കി, ഒരു വാക്കെങ്കിലും ഉച്ചരിക്കാതെ എനിക്കുവേണ്ടി സഹിക്കേണ്ടവന്നവയേയും വരുവാനിരിക്കുന്നവയേയുംപററി ഒരു വിചാരംപോലും കൂടാതെ എന്നോടു സഖ്യപ്പെട്ടു. ആ ആൾ എന്റെ സങ്കടങ്ങളേ വഹിക്കയും, ദുരിതങ്ങളേ സഹിക്കയും ചെയ്യുതുമെന്ന്യേ, തന്റെ കഷ്ടാരിഷ്ടങ്ങളെ എന്നെ കാണിക്കയും "പാപമാകയും" എന്നെ പ്രതി എന്റെ ശരീരത്തെ എടുക്കയും അതിൽനിന്നുത്ഭൂതമായവയെല്ലാം സഹിക്കയും ചെയ്യിട്ടുണ്ട്. എങ്കിലും അദ്ദേഹം എന്നും അപരിമിതനും നന്മകളുടെ വററാത്ത ഉറവയും ആയിരിക്കുന്നു! അദ്ദേഹം എന്നെ കാണിക്കാത്തതും എനിക്കു തരാത്തതുമായി യാതൊന്നുമില്ല. എന്നിരിക്കെ സന്തുഷ്ടനാകുന്നതിനു എനിക്കു കാരണങ്ങൾ ഇല്ലയോ? എന്റെ സകല അപജയങ്ങളും സങ്കടങ്ങളും ഞാൻ അദ്ദേഹത്തെ കാണിക്കും എന്റെ സ്നേഹിതൻ എന്നെ ശ്രവിക്കയോ എന്നോടുകൂടി സഹതപിക്കയോ തന്റെ അധികാരത്തിൻകീഴവയ്ക്കുകയോ അല്ല ചെയ്യുന്നത്. തന്റെ സ്വന്തമായവയെ എനിക്കു ദാനം ചെയ്കയും തന്റെ മുറിവുകളേയും ബലക്ഷയത്തേയും എന്നെ കാണിക്കയും ചെയ്യുന്നു. എന്റെ സകലവും ഞാൻ കാര്യമായി വിചാരിക്കുന്ന നിസ്സാര പ്രവൃത്തികൾകൂടി അദ്ദേഹത്തിനു ഞാൻ കാഴ്ചവെക്കും. എന്റെ അഹംഭാവത്തേയോ എന്നെയോ സംബന്ധിച്ച് അദ്ദേഹം അധികമൊന്നും വിചാരിക്കയില്ല. പകരം എന്നോടുകൂടി സന്തോഷിക്കയും സഹതപിക്കയും ചെയ്യും. അവയെല്ലാം അദ്ദേഹത്തിന്റേതിൽ ലയിപ്പിക്കയും ചെയ്യുന്നു. അതേ! ഇഹത്തിലും ഞാൻ അപ്രകാരമുള്ള ഒരു യഥാർത്ഥ സ്നേഹിതനെ കണ്ടെത്തി! "എന്റെ ആത്മാവു സ്നേഹിക്കുന്നവനേ ഞാൻ കണ്ടു. ഞാൻ അവനേ ആശ്ലേഷംചെയ്തിട്ടുണ്ട്. എന്നെ വിട്ടുപിരിയുന്നതിനു ഞാൻ അനുവദിക്കയുമില്ല. മററു സകലത്തിൽനിന്നു, നിനക്ക് ഒരിക്കൽ വേർപെടേണ്ടിയിരിക്കുന്നു. അദ്ദേഹത്തെ സ്നേഹിക്കയും നിന്റെ സ്നേഹിതനാക്കി നിന്നോടുകൂടി വസിപ്പിക്കയും ചെയ്ക. മറെറല്ലാം നിന്നെ ഉപേക്ഷിക്കുമ്പോൾ, അദ്ദേഹം നിന്നെ വിട്ടുപിരികയോ നീ നശിച്ചുപോകുന്നതിനനുവദിക്കയോ ചെയ്കയില്ല." ക്രിസ്താനു:വ. ൨.

കെ. കെ. കവലക്കാട്ട്.

# ശ്രീയേശുവിജയം

മലയാളമഹാകാവ്യം ൧-ാംസർഗ്ഗം

ശ്രീയേശുദേവൻ തന്നോമൽ
ശ്രീയേറും വിജയത്തെ ഞാൻ
ധീയേവർക്കും തെളിഞ്ഞീടാ-
നായേതാനും കഥിച്ചിടാം. ൧.

നയമേറും ജനകനും
ദയകൂടിയ പുത്രനും
പ്രയതാത്മാവുമായോര-
ദ്വയനീശൻ മമാശ്രയം. ൨.

ദിവ്യൻ ത്രിതൈകനദ്ദേവൻ
ഭവ്യമേവർക്കുമേകുവോൻ
അവ്യയൻ പുരുകാരുണ്യ-
ദ്രവ്യൻ പൂജ്യൻ വരപ്രദൻ. ൩.

സൃഷ്ടകോടികളേക്കാളും
വീര്യമേറീടുമീശ്വരൻ
കാര്യകാരണസങ്കേത-
മാര്യസൽഗുണസാഗരം. ൪.

തന്നാൽതാനായ സർവ്വേശ-

നൊന്നായെങ്ങും നിറഞ്ഞവൻ
എന്നാളുമുള്ളോരാളെല്ലാം
നന്നായിട്ടറിയുന്നവൻ. ൫.
ഈ മഹാ ദിവ്യതേജസ്സി—
നോമൽ തത്വം ഗ്രഹിക്കുവാൻ
കാമം നിഷ്ഫലമിപ്പാരിൽ
സീമയില്ലതിനേതുമെ. ൬.
നേരും പേരും വരം ചേരും
കാരുണ്യക്കടലീശ്വരൻ
ചാരുശ്രീ വിലസും വാരം
പാരും സൃഷ്ടിച്ചു മുന്നമെ. ൭.
ഊനമററുള്ള നാകത്തിൽ
സാനന്ദമഥ വാണിടാൻ
വാനവാവലിയേ ദൈവം
മാനമോടുരുവാക്കിനാൻ. ൮.
അക്ഷയാദികളാം ദിവ്യ
ലക്ഷണങ്ങളശേഷവും
ദക്ഷരാം വാനവൎക്കെല്ലാം
പക്ഷമോടീശനേകിനാൻ. ൯.
ഈവണ്ണം പരമാവാനോ—
രേവൎക്കുമളവെന്നിയെ
ദൈവം കൊടുത്തു ദാക്ഷിണ്യാ—
ഭാവത്തോടരുളീടിനാൻ. ൧൦.
അനാദിമൽസുതനേയും
സനാതനസുഖത്തിനായ്
അനാരതം വൈമനസ്യം
വിനാ നിങ്ങൾ നമിക്കണം. ൧൧.
തന്നിഷ്ടത്തിൻ പ്രഭാവത്താ—
ലെന്നിഷ്ടം നിരസിക്കിലൊ
വന്നിടും ഘോരമാമാപ—
ത്തെന്നിതോൎക്കണമേവരും. ൧൨.
വിരുതേറിയ വാനോരി—
ലൊരുഭാഗം തദന്തരെ
അരുളുമ്പടി ചെയ്യേനെ—
ന്നരുഭക്തിയൊടോതിനാൻ ൧൩.
മററുള്ള വാനോരെല്ലാരും
മുററും ഗൎവ്വത്തൊടാക്ഷണം
ചെററുമങ്ങിനെ ചെയ്തീടാൻ
പററുകില്ലെന്നു ശാഠ്യമായ് ൧൪.
എതിരററൊരു ഗൎവ്വത്താൽ
മതികെട്ടവരീവിധം
പ്രതികൂലിക്കയാലീശ—
നതിയായ്തീൎന്നു നീരസം. ൧൫.
നിരന്ത ദുഃഖസങ്കേതം
നരകം തീൎത്തു തമ്പുരാൻ
ദുരഹമ്മതി പൂണ്ടോരെ—
ത്തരസാ തള്ളിനാനതിൽ. ൧൬.
ശിഷ്ടനീശ്വരനൻപററാ—
ദുഷ്ടന്മാരുടെ ദീപ്തിയെ
നഷ്ടപ്പെടുത്തി വൈരൂപ്യം
രുഷ്ടനായരുളീടിനാൻ. ൧൭.
നരകം ചേൎന്ന വാനോർതൻ
നിരകൈവിട്ട സല്പദം
തരസാ നൽകുവാൻ മണ്ണാൽ
നരനേ തീൎത്തു തമ്പുരാൻ. ൧൮.
ആദമെന്നുള്ള പേരൎത്ഥ—
മാദരിച്ചരുളിപ്പരൻ
ഏദൻതോട്ടം വസിപ്പാനായ്
മോദമോടവനേകിനാൻ ൧൯.
പച്ചപ്പുല്ലണി പൂണ്ടേററം
മെച്ചമായീടുമാസ്ഥലം
പച്ചപ്പട്ടു വിരിച്ചോരാ—
മച്ചകംപോലെ മഞ്ജുളം. ൨൦.
ഇടതൂൎന്നധികം കാന്തി
തടവും പത്രപംക്തിയാൽ
ഇടമൊക്കെ മറയ്ക്കുന്ന
വിടപിക്കൂട്ടമായതിൽ ൨൧.
ഭീരദശ്രീപെടും പത്ര—
പൂരങ്ങളരുണാതപം
ചേരവേ പൂമലപ്പട്ടിൻ
സാരമാം ദ്യുതി പൂണ്ടിടും. ൨൨.
ഘൃണമുൽകൃഷ്ടമാംസ്വാദി—
ക്ഷണകൌതുകമെന്നിവ
ഇണങ്ങും കായ്കളാൽവൃക്ഷ—
ഗണം മിന്നുന്നു നിൎഭരം. ൨൩.
മരങ്ങളിലിരുന്നോരൊ
തരം പക്ഷികൾ കൂട്ടമായ്
മരന്ദമഞ്ഞിടും ചാരു—
സ്വരത്തിൽ പാടുമെപ്പൊഴും. ൨൪.
നയനങ്ങൾക്കു സാഫല്യം
നിയതം ചേൎത്തിടും വിധം
പ്രിയതശ്രീപെടും വല്ലീ—
ചയമുണ്ടേതനെങ്ങുമെ. ൨൫.
സൌരഭ്യത്തിൻ പ്രവാഹത്തെ
ദൂരത്തും ചേൎത്തനൎഗ്ഗളം
നീരന്ധ്രമവയിൽ പൂവിൻ
പൂരം മിന്നുന്നു സന്തതം ൨൬.
മലരിൻമധുവുണ്ടുണ്ടു
വലഞ്ഞു മധുപാളികൾ
ബലമററു ചരിക്കുന്നു
നിലതെററിയ മാതിരി. ൨൭.
കണക്കില്ലാതെ മാൻ കൂട്ടം

തൃണംതിന്നേതിടത്തിലും
ഇണചേർന്നുനടക്കുന്നു
പിണയാതഴലേതുമേ ൨൮.
വിലസീടുന്നൊരാദിവ്യ
സ്ഥലത്തിൻമോടികൂട്ടുവാൻ
ജലപൂർണ്ണങ്ങളായുണ്ടു
നാലമേറീടുമാറുകൾ ൨൯.
കുളിച്ചാററിൽ സുമാമോദ
മൊളിച്ചീടാതെടുത്തുടൻ
തളിച്ചുപൂന്തേനെങ്ങെങ്ങും
കളിച്ചീടുന്നു മാരുതൻ ൩൦.
അഴകോടമരും നല്ല
തഴച്ചേറുന്ന വാഴയിൽ
അഴലററുകടന്നുള്ളാൻ
പഴംതിന്നുന്നുമുത്തോടും ൩൧.
ദയിതാവലിയേചുററും
നയിച്ചോമൽസ്വനത്തോടും
മയിലിമ്പത്തിലെപ്പോഴും
ലയിച്ചാടുന്നു നിസ്തുലം. ൩൨.
പരമാനന്ദമേവർക്കും
പരമുണ്ടാക്കുമീസ്ഥലം
നരനേകിയ പിൻപീശ-
നുരചെയ്തുസഗൌരവം ൩൩.
തരുക്കളുടെഫലങ്ങ
ളുരുമുത്തോടശിച്ചു നീ
നിരുപദ്രവമിത്തോപ്പിൽ
മരുവീടുകസൌഖ്യമായ് ൩൪
ഒരുവൃക്ഷമിതാമദ്ധ്യേ
മരുവുന്നുണ്ടതിൻപഴം
ഒരുനാളുമശിക്കായ്വാൻ
കരുതീടണമെപ്പോഴും ൩൫.
അതിരില്ലാത്തതായീടും
ക്ഷതിചേർത്തിടുമിപ്പഴം
മതികെട്ടശനംചെയ്യാൽ
മൃതിവേഗത്തിലെത്തിടും ൩൬.
അല്ലാശ്വാസകരം സ്വാപം
നല്ലാന്നവനുചേർത്തുടൻ
തല്ലാശ്വാസ്ഥിയെടുത്തീശൻ
പില്ലാടുണ്ടാക്കിനാരിയെ ൩൭.
ഉണന്നെണീററിരുന്നോര-
ക്ഷണത്തിൽകണ്ടുപെണ്ണിനെ
ഘൃണയോടരികിൽചേർത്തു-
തുണയാക്കിടിനാൻനരൻ. ൩൮.
എതിരററുള്ളൊരാത്തോപ്പി-
ലതിമുത്തോടു മാനുഷൻ
മതിനേർമുഖിചേർന്നീശ
സ്തുതിയും ചെയ്തുമേവിനാൻ ൩൯.
സൃഷ്ടികൾക്കൊക്കെ നേതാവായ്
തുഷ്ടികൈക്കൊണ്ടു മാനുഷൻ
പുഷ്ടികൂട്ടും പഴക്കൂട്ട
മഷ്ടിയാക്കിക്കഴിച്ചുനാൾ ൪൦
ഹിതമേതും നരന്നേകാൻ
ധൃതമോദം തദന്തികേ
സതതം ദേവദൂതന്മാ-
രതനുശ്രീയോടെത്തിടും. ൪൧.
ആദത്തിൻ വാക്കുജന്തുക്ക-
ളാദരത്തോടു കേട്ടുടൻ
ഭേദമററാചരിച്ചെന്നും
മോദമായവനേററിടും. ൪൨.
ആപത്തക്ഷാന്തിപൈദാഹം
ശാപം ഭീരാഗമെന്നിവ
സ്വാപത്തിൽപോലുമേശാതെ
താപമററവർ മേവിനാർ. ൪൩.
കോപം, വ്യാജം, മദം, ദോഷാ-
രോപം പൈശൂന്യമിത്തരം
പാപങ്ങളറിയാതുള്ള
തൃപരമവർ പോക്കിനാർ. ൪൪.
നരകത്തിലകപ്പെട്ടു
തരംകെട്ടു കിടക്കുവോർ
നരന്നണഞ്ഞ സൌഭാഗ്യം
വിരസത്തോടറിഞ്ഞുടൻ. ൪൫.
കുടിലാശയരാം ഗർവ്വു
കൊടികെട്ടിയ കശ്മലർ
അടികിട്ടിയ സർപ്പംപോൽ
ചൊടിച്ചൊന്നിച്ചു ചൊല്ലിനാർ. ൪൬.
ഹാകഷ്ടമീശ്വരൻ നമ്മെ-
ശ്ശോകത്തീയിൽ കളഞ്ഞുടൻ
നാകത്തേനരനേകീടാൻ
പാകത്തിൽ പണിയുന്നതേ. ൪൭.
മഹിതക്കണിയാം ദൈവ
മഹിതം പൂർത്തിയാക്കുവാൻ
മഹിതന്റെ പൊടിസ്ഥേവം
മഹിമസ്ഥിടയാക്കയൊ? ൪൮.
മഹാശയക്കു തീർത്തോരാ
മഹാഭാഗ്യസ്ഥലത്തിനെ
മഹാത്മാവായിടും ദൈവം
മഹാചപലനേകുമൊ.? ൪൯.

(തുടരും.)

# ഞങ്ങളുടെ കഥാപംക്തി.

"എനിക്കുണ്ണിയെക്കാണണം"

(പാവനതമവും സത്ഥാ വാസ്തവികവുമായ വിശുദ്ധ കുർബാന ഒരു "മിഥ്യാബോധ"മാണെന്നു ശഠിക്കുന്നതിനു ചില പണ്ഡിത മാന്യന്മാർ നിർഭയം ആരംഭിച്ചിരിക്കുന്ന ഈ അവസരത്തിൽ പ്രസ്തുത ലേഖനം സന്ദർഭോചിതമായിരിക്കുമല്ലൊ.)

(ക. കു. പത്രാധിപർ.)

ഇക്കഴിഞ്ഞതിൻെറ മുമ്പിലത്തെ ഏപ്രിൽമാസമാദ്ധ്യത്തോടുകൂടി സ്പെയിനിൽ മൻസനേഡ്സ് എന്ന ഒരു ചെറിയ പട്ടണത്തിൽ രണ്ടു പുരോഹിതന്മാർ ജ്ഞാനധ്യാനപ്രസംഗങ്ങൾ നടത്തുകയുണ്ടായി. അത്തിഗ്രാമസികൾ വേദകാര്യത്തിൽ ഉദാസീനരായിരുന്നതുകൊണ്ട്, പ്രസംഗം കേൾക്കുന്നതിനായി ചുരുക്കം പേർ മാത്രമെ പള്ളിയിൽ പോയിരുന്നുള്ളു. ഏപ്രിൽ ൨൦-ാംനു- ആയിരുന്നു വി. കുർബാനയെക്കുറിച്ച് പ്രസംഗിക്കുന്നതിനു നിശ്ചയിച്ചിരുന്നത്. എന്നാൽ ആകസ്മികമായുണ്ടായ അസ്വാസ്ഥ്യം നിമിത്തം പ്രാസംഗികനായ ഫാദർ മാറീസ്കാളി സ്വകൃത്യനിർവഹണത്തിൽ വിഷമം തോന്നുകയാൽ അദ്ദേഹത്തിൻെറ സഹപ്രാസംഗികനായ ബ. മേറോ അച്ചനോടു ആ കൃത്യം നടത്തുന്നതിനാവശ്യപ്പെട്ടു. അദ്ദേഹമോ എന്നാൽ പ്രസംഗം തയാറായിട്ടില്ലാതിരുന്നതുകൊണ്ടും മററും അതുപേക്ഷിക്കയും, 'നരക'ത്തെക്കുറിച്ച് പ്രസംഗിക്കാമെന്നു സമ്മതിക്കയും ചെയ്തു. പ്രസംഗാനന്തരമുള്ള പാപപരിഹാരജപം, സുഖമില്ലായിരുന്നെങ്കിലും ബ. മാറിസ്കാൾ അച്ചൻതന്നെ ചൊല്ലുന്നതിനു തീർച്ചപ്പെടുത്തി. ഇനി പറവാൻ പോകുന്ന സംഗതികൾ ദൃക്സാക്ഷിയും പ്രാസംഗികന്മാരിൽ ഒരുവനുമായ, ഫാദർ മാറിസ്കാൾതന്നെ എഴുതിയിട്ടുള്ളതാണ്.

"വി. കുർബാനയെക്കുറിച്ചുള്ള പ്രസംഗം നിശ്ചയിച്ചിരുന്ന ദിവസം രാത്രി, ദീപാലങ്കാരങ്ങളുടേയും മററു ആഘോഷങ്ങളുടേയും ശ്രുതിയാൽ ഒട്ടധികം ജനങ്ങൾ പള്ളിയിൽ വന്നു കൂടി. എന്നാൽ പ്രസംഗസമയം അവർ പതിവുള്ള നാട്ടുവർത്തമാനങ്ങളും പരജനപരിഹാസവും കൊണ്ടു കഴിച്ചുകൂട്ടുകയാണുണ്ടായത്. പാപപരിഹാരജപം ചൊല്ലുന്നതിനായി ഞാൻ പ്രസംഗപീഠത്തിൽ കയറി. എൻെറ സ്വരം ശരിയായി കേൾക്കുന്നതിനു മാത്രം ശക്തിയും സ്പുടതയും ഉള്ളതായിരുന്നില്ല. എന്നാൽ ആശ്ചര്യമെ! ൨൦൦ തിരികളാൽ പ്രശോഭിതമായിരുന്ന ആ അൾത്താരയിൽ വി. കുർബാനയുടെ ചുററും പെട്ടെന്നൊരു പ്രകാശം ആവിർഭവിക്കയും അതു ആ ൨൦൦ തിരികളുടെ വെളിച്ചത്തെ മന്ദിപ്പിക്കത്തക്കവണ്ണം അത്ര ശോഭായമാനമായിരിക്കയും ചെയ്തു. പ്രഥമദൃഷ്ടിയിൽ അത് ഒരു സൂര്യൻ ഉദിച്ചുവരുന്നതോ എന്നു തോന്നി. ജനങ്ങളെവരും അവിടെത്തന്നെ ഉണ്ടായിരുന്നു. അപ്പോൾ ആ ജനാവലിയിൽ നിന്നും ആറു വയസ്സു മാത്രം പ്രായമുള്ള ഒരു ബാലിക 'എനിക്കുണ്ണിയെ കാണണം' എന്നു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഈ അത്ഭുത കാഴ്ചയിൽ ഞാൻ അവിടെക്കൂടിയിരുന്നവർ എവരോടും മുട്ടുകുത്തുവാൻ പറഞ്ഞു. അതുവരെ ശരിയായി ശബ്ദിക്കാൻ പോലും ത്രാണിയില്ലാത്തവനായിരുന്ന എൻെറ സ്വരം പൊടുന്നനവേ, അവിടം മുഴുവൻ കേൾക്കത്തക്കതിൻവണ്ണം അത്ര ശക്തിയും വൈശദ്യവും ഉള്ളതായിത്തീർന്നു. ഉത്സാഹത്തോടും തീക്ഷ്ണതയോടും കൂടി ഞാൻ പ്രസംഗിപ്പാൻ തുടങ്ങി. എന്താണു പറഞ്ഞതു? എങ്ങിനെയാണു പറഞ്ഞതു? എന്നൊന്നും ഇപ്പോൾ എനിക്കു നിശ്ചയമില്ല. "എല്ലായ്പോഴും അവിശ്വസ്തരും മത്സരബുദ്ധികളുമായ നിങ്ങളുടെ നേക്കു എൻെറ കൈകളെ നീട്ടി" എന്നുള്ള ഏശയ്യാ ദീർഘദർശിയുടെ വചനങ്ങളെ ആരോ എൻെറ വായിൽകൂടെ സംസാരിച്ചതുപോലെ എനിക്കു തോന്നി. ൨൦ മിനിട്ടു നേരത്തേക്കു പ്രസംഗം ദീർഘിച്ചു. ഈ സമയമെല്ലാം സ്വ

ശ്ശീയ തേജസ്സോടുകൂടിയ ഒരു ബാലൻ ഭയവിഹ്വലരായി അടുത്തു നിൽക്കുന്ന ബാലവൃന്ദത്തെ ആശ്ലേഷിക്കുന്നതിനോ എന്നു തോന്നുമാറു അവിടുത്തെ ചെറുകർങ്ങളെ അവരുടെ നേരെ നീട്ടി. കരങ്ങളിൽ നിന്നും പാദങ്ങളിൽ നിന്നും രക്തം തുള്ളിതുള്ളിയായി വീണുകൊണ്ടിരുന്നു. വസ്ത്രം നിർമ്മലവും ധൂമ്രപുഷ്പങ്ങളാൽ അലംകൃതവുമായിരുന്നു.

അവരുടെ മാതാപിതാക്കന്മാരുടെ പാപവിമോചനത്തിനായി ഉണ്ണി ഈശോയോടു പ്രാർത്ഥിപ്പാൻ, കുട്ടികളോടു ഞാൻ ഉപദേശിച്ചു. എന്നാൽ അവരെല്ലാവരും ഈ അത്ഭുത കാഴ്ചയാൽ മതിമയങ്ങി "സമാധി"യിൽ ലയിച്ചുവോ എന്നു തോന്നുമാറു നിശ്ശബ്ദരായി നിന്നതല്ലാതെ എന്നോടൊന്നിച്ചു പാപപരിഹാരജപം ചൊല്ലുന്നതിനു കഴിവുള്ളവരായില്ല.

ബ. വികാരിയച്ചൻ വിറയലോടും സംഭ്രമത്തോടും കൂടി ഉണ്ണി ഈശോയെ ആരാധിച്ചു ജനങ്ങളാകട്ടെ ഉണ്ണിയെ വി. കുർബാനയിൽ പ്രത്യക്ഷമായി കണ്ട മാത്രയിൽ അത്ഭുതപരതന്ത്രരായി ഇതിൽ കർത്തവ്യതാമൂഢന്മാരായി സ്വല്പനേരം 'അമ്പരന്നു' നിന്നുപോയി. പിന്നീടു സാഷ്ടാംഗം ചെയ്തു പാപവിമോചനത്തിനായി പ്രാർത്ഥിക്കയും നിർഭയം മാറത്തടിച്ചു പ്രലപിക്കയും ചെയ്തുകൊണ്ട്, ഞാൻ ചൊല്ലിക്കൊടുത്ത പ്രാർത്ഥന പേർത്തുച്ചരിച്ചു. ജപം അവസാനിച്ചപ്പോൾ വി. കുർബാനയുടെ വാഴ്വുകൊടുക്കുന്നതിന് ബ. വികാരിയോടപേക്ഷിക്കയും അദ്ദേഹം അതു കണ്ണുനീരോടെ നൽകയും ചെയ്തു. ഈ സമയത്ത ആ അത്ഭുത കാഴ്ച മറഞ്ഞിരുന്നു എങ്കിലും വി. കുർബാന അരുളിക്കായിൽ നിന്നും എടുത്തു 'കുസ്തോദി'യിൽ വയ്ക്കുന്നതിനു ശ്രമിക്കയിൽ കൈ വല്ലാതെ വിറക്കയാൽ അതിനു സാധിക്കാതെ വന്നപ്പോൾ പരിശുദ്ധ 'ഓസ്തി' തന്നത്താൻ അതിൽ നിന്നും ഇറങ്ങി പ്രഭാവത്തോടെ ഒന്നുയർന്നതിന്റെ ശേഷം 'കുസ്തോദി'യിൽ പ്രവേശിച്ചു. ബ. വികാരി ഈ കാഴ്ചയാൽ ബലഹീനനായി വേപഥുവോടെ ഒന്നും പാടില്ലാത്തവനെപ്പോലെ ബലിപീഠത്തുംകൽ നിന്നും കരഞ്ഞുംകൊണ്ടു, സങ്കീർത്തിയിൽ വന്നു.

ഈ വിസ്മയാവഹമായ കാഴ്ചയെ കണ്ടവർ മാത്രമല്ല, പിന്നയൊ ബ. വികാരിയോടു ശണ്ഠപിടിച്ചും വഴക്കുപറഞ്ഞും അനുസരണമില്ലാത്തവരായി, നാമമാത്ര കത്തോലിക്കരായി, അന്യർക്കു ഉതപ്പിനു കാരണമായി ജീവിച്ചിരുന്നവർ എല്ലാവരും ഇതാ 'കണ്ണീരുംകൈയ്യു'മായി പള്ളിയിൽ എത്തിക്കൂടി പട്ടക്കാരനു വരുത്തിയിട്ടുള്ള സങ്കടങ്ങൾക്കുംമററും മാപ്പു അപേക്ഷിച്ചുകൊണ്ട് അവരുടെ സകല പാപങ്ങൾക്കും ഉണ്ണിഈശോയോടു പൊറുതി ഇരക്കുകയും അവരേയും അവരുടെ സകലത്തേയും ഉണ്ണിയുടെ തിരുസന്നിധിയിൽ കാഴ്ചവെക്കയും, മേലാൽ തലവന്മാർക്കു കീഴ്വഴങ്ങി സജ്ജീവിതം കഴിക്കുന്നുണ്ടെന്ന് വി കുർബാനയുടെ മുമ്പിൽ പ്രതിജ്ഞചെയ്കയും ചെയ്തു. ഇപ്രകാരം പാപങ്ങളുടെ വിളനിലമായിരുന്ന ആ പട്ടണം കർത്താവിന്റെ സൌരഭ്യാവഹോദ്യാനമായി പകരപ്പെട്ടു.

ഈ സംഭവം നടന്നതിന്റെ എട്ടാം ദിവസം അവരുടെ ജ്ഞാനപ്രസംഗങ്ങൾ അവസാനിപ്പിക്കുന്നതിനു നിശ്ചയിച്ചിരുന്ന ദിവസമായിരുന്നു. അന്നു വി. കുർബാന പരസ്യമായി എഴുന്നള്ളിച്ചുവച്ചപ്പോൾ മുമ്പിലത്തെപ്പോലെതന്നെ ദിവ്യ ഉണ്ണി വീണ്ടും പ്രത്യക്ഷനായി. എന്നാൽ ആദ്യത്തേതിൽ നിന്നും വളരെ വ്യത്യാസപ്പെട്ട സ്ഥിതിയിലാണു ഇപ്പോൾ കണ്ടതു്. പ്രഥമതഃ തന്റെ തിരുക്കരങ്ങളിൽ നിന്നും തൃപ്പാദങ്ങളിൽനിന്നും രക്തം ഒഴുകിക്കൊണ്ടിരുന്നു. ഇപ്പഴൊ എന്നാൽ അവിടെ നിന്നും രക്തം പുറപ്പെടുന്നില്ലെന്നു മാത്രമല്ല, മുഖം സൂര്യകാന്തിയെ വെല്ലുന്ന തേജസ്സോടെ പ്രശോഭിച്ച് മന്ദസ്മിതം തൂകുന്നുണ്ടായിരുന്നു. വി. കുർബാനയുടെ വാഴ്വിനോടുകൂടി ആ കാഴ്ചയും അപ്രത്യക്ഷമായി. ഇതുമുതൽ മൻസറേഡ്സ് ഇടവകയിൽ ഉണ്ടായിട്ടുള്ള വ്യത്യാസങ്ങൾ ഒട്ടും ചില്ലറയല്ല. ജനങ്ങളേവരും യഥാക്രമം ശുദ്ധ കുർബാനയുടെ മുമ്പിൽ അരമണിക്കൂർനേരം രാവും പകലും ഇടവിടാതെ ആരാധന കഴിച്ചുവരുന്നതുകൂടാതെ, ദിവ്യകാരുണ്യമുൾക്കൊ

ളുലും മററും പ്രതിദിനം വൎദ്ധിച്ചുവരുന്നു. ഇതിൻെറ ഒക്കെയും ഫലമായി സമാധാനവും ഐശ്വൎയ്യവും എല്ലാ കുടുംബങ്ങളിലും വൎദ്ധിച്ചുകൊണ്ടുമിരിക്കുന്നു.

ഇതേസംബന്ധിച്ചു വേണ്ടുന്ന അന്വേഷണങ്ങൾനടത്തുന്നതിനായി അവരുടെ മെത്രാൻ, വൈദികരും അൽമേനികളുമുൾപ്പെട്ട ഒരു പ്രത്യേക കമ്മററി ഏൎപ്പെടുത്തി. അവർ കഴിയുന്നത്ര പരീക്ഷ കഴിച്ചിട്ടും ഇടവകപ്പട്ടക്കാരരും ജനങ്ങളേവരും സ്വപ്നത്തിൽ പോലും, ഒരേ വാക്കുകൾ തന്നെ പറയുന്നതായി കണ്ടു. "എനിക്കുണ്ണിയെ കാണണം" എന്നു നിലവിളിച്ച ആറു വയസ്സു മാത്രം പ്രായമുള്ള എവുദോക്ക്സിയായുടെ പ്രസ്താവം വളരെ രസജനകമായിരിക്കുന്നു.

വികാരിജനറാൾ— നീ കണ്ടത് ആരെയാണ്?

എവുദോക്സിയാ— ഞാൻ കണ്ടത് സത്യദൈവവും സത്യ മാനുഷ്യനുമായ നമ്മുടെ കൎത്താവീശോമ്ശിഹായെ ആണ്.

വി. ജ.— അത്ര വലുതായ ഒരു കുട്ടി ഒരോസ്തിയിൽ എങ്ങിനെയിരിക്കും?

എവു— അത് എനിക്കോ വന്ദ്യ പിതാവിനു തന്നെയോ അറിവാൻ വഹ്യാ

ആ നിഷ്കളങ്കയായ കുട്ടിയെ ഒന്നുകൂടെ കൎക്കശമായി പരീക്ഷിപ്പാൻവേണ്ടി അദ്ദേഹത്തിൻെറ കീശയിൽനിന്നു ഫവ്വഡിൻഹെയിറോസ് എന്ന നാണയം എടുത്തു അയാളെ കാണിച്ചുകൊണ്ടു ചോദിച്ചു:— എവുദോക്സിയാ നീ എപ്പോഴെങ്കിലും ഇത്രയേറെ നാണയങ്ങൾ ഒന്നിച്ചു കണ്ടിട്ടുണ്ടോ?

എവുദോക്സിയാ— ഇല്ല പിതാവെ! ഇല്ല

വി. ജ.— കൊള്ളാം നല്ലത്. നീ യാതൊന്നും കണ്ടില്ലെന്നു പറയാമെങ്കിൽ ഇതെല്ലാം നിനക്കു ഞാൻ തരാം.

ഇതിനുത്തരമായി ആ ബാലിക നീരസഭാവത്തോടെ പറഞ്ഞതായത്:— പണത്തിനുവേണ്ടി ഞാൻ സത്യത്തെ വില്ക്കുന്നില്ല; നിങ്ങളുടെ പണം നിങ്ങൾക്കായിതന്നെ സൂക്ഷിച്ചാലും. ദൈവത്തിൻെറ സത്യത്തിന് എതിരായി ഒരു കള്ളം പറവാൻ ഞാൻ വിചാരിക്കുന്നില്ല.

ഈ ലക്ഷ്യങ്ങളെല്ലാം കൂലങ്കഷമായി പരിശോധിച്ചതിൻശേഷം "സംഭവം നിഷേധിക്കാൻ പാടില്ല" എന്നു സ്ഥലം മെത്രാനവർകൾ പരസ്യമായി പ്രസ്താവിച്ചു. യാതൊരു മതവും, മൎയ്യാദയും, നീതിയുമില്ലാതെ ചെന്നായ്ക്കൾക്കു തുല്യന്മാരായിരുന്ന മൻസറേഡ്സ് ഇടവകക്കാർ ശാന്തശീലമുള്ള കുഞ്ഞാടുകളെപ്പോലെ ആയിത്തീൎന്നതിൽ കൂടുതൽ തെളിവു എന്താണ് വേണ്ടതെന്ന് ആ വന്ദ്യ മെത്രാൻ ചോദിക്കുന്നു.

പരിശുദ്ധ പരമ കുൎബ്ബാനക്കു എന്നേരവും സ്തുതിയും പുകഴ്ച്ചയും ഉണ്ടായിരിക്കട്ടെ!!

## ഉത്തമ മാതൃക.

മനുഷ്യജീവികളിൽ പലരും ഇഹലോകത്തിൽ ഒരു കീൎത്തി നേടുന്നതിനു വേണ്ടി ഈ അനിത്യമായ ജീവിതമത്സരമദ്ധ്യേ അശേഷം വിശ്രമമില്ലാതെ പ്രയത്നിക്കുന്നു. ചിലർ, വിശിഷ്ടഗ്രന്ഥങ്ങൾ നിൎമ്മിക്കുന്നു മററു ചിലർ വിചിത്രങ്ങളായ ചിത്രങ്ങളെഴുതുന്നു. വേറെ ചിലർ അവരുടെ നൈസൎഗ്ഗികമായ വാഗ്ധാടിയോടുകൂടി ഗൌരവവും ഗംഭീരവുമായ പ്രസംഗങ്ങൾ ചെയ്യുന്നു. ഇപ്രകാരം മനുഷ്യർ ഒരു വിശ്വാന്തവിശ്രാന്തകീൎത്തി സമ്പാദിക്കുന്നതിനു വേണ്ടി അശ്രാന്തമായ പരിശ്രമം ചെയ്യുന്നുണ്ടെങ്കിലും വളരെ ചുരുക്കം ചിലർ മാത്രമെ ശാശ്വതമായ യശസ്സു നേടുന്നതിൽ വിജയപൎയ്യവസായികളായിത്തീരുന്നുള്ളു.

എന്നാൽ മേൽപ്രസ്താവിച്ച ജോലികളിലൊന്നിലും പ്രവേശിക്കാതെ തന്നെ അനന്തവും പരിശുദ്ധവുമായ ഒരു പേരു

സമ്പാദിച്ച ഏക സ്ത്രീരത്നമല്ലയൊ സാക്ഷാൽ ജഗദംബികയായ പരിശുദ്ധ കന്യകമിറയം? ആ മഹിളാരത്നശിരോമണിയുടെ പേരു ഭൂതത്തിലും ഭാവിയിലും വൎത്തമാനത്തിലും ഒരുപോലെ നിലനില്ക്കുന്ന ഒന്നാണെന്നുള്ളതിന് സംശയലേശമില്ല; ചിത്രമെഴുതിയില്ല; പ്രസംഗം ചെയ്തു ആളുകളെ ആകൎഷിച്ചില്ല; സമുദായത്തിൽ പരിഷ്കാരഭേദഗതികൾ ഏൎപ്പെടുത്തിയില്ല; എന്നുവേണ്ടാ നമ്മുടെ മാതാവു ജാജ്ജ്വല്യമാനമായ യാതൊരു ജീവിതപദവിയുടേയും സമീപപ്രദേശങ്ങളിൽക്കൂടി പോകപോലും ചെയ്തിട്ടില്ല. എന്നാൽ ആ സ്ത്രീരത്നം ഏപ്രകാരമുള്ള ഒരു ജീവിതം ആനയിച്ചതുകൊണ്ടാണ് തൻെറ പേരു അനശ്വരമായി ഭവിച്ചത്?

നമ്മുടെ പരിശുദ്ധയായ . മാതാവ് തൻെറ ഭൎത്താവായ ഒരു ആശാരിയോടും ഒരു കൊച്ചുകുട്ടിയോടും കൂടി നസറസ്സിലെ ഒരു നികൃഷ്ടമായ കുടിലിൽ വസിച്ചുവന്നു. തന്നെ സഹായിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും മററും ഭൃത്യന്മാരോ, ഭൃത്യകളോ ഇല്ലാതിരുന്നതു നിമിത്തം താൻ എല്ലായ്പോഴും സ്വന്ത കുടിലിൽ കൃത്യാന്തരപരതന്ത്രയായിരുന്നു. കിണററിന്നരികെ പോയി വെള്ളം കോരിക്കൊണ്ടുവന്നതും, വിറകുകൊണ്ടുവന്ന് അഗ്നി എരിയിച്ചതും, ഭക്ഷണസാധനങ്ങൾ പാകം ചെയ്തതും മററുമെല്ലാം ആ മാതാവിൻെറ കരപല്ലവദ്വയം തന്നെയായിരുന്നു. ഇപ്രകാരം നിസ്സ്വമ്പന്നയായ ഒരു സ്ത്രീക്ക് എന്തെല്ലാം ജോലികൾ ചെയ്വാനുണ്ടോ അവയെല്ലാം ലോകൈകമാതാവായ മറിയത്തിനും ചെയ്തുതീൎക്കേണ്ടതുണ്ടായിരുന്നു. പിന്നെ എങ്ങിനെയാണ് തനിക്കു നശ്വരമല്ലാത്ത ഒരു യശസ്സ് സമ്പാദിക്കുന്നതിന് സാധിച്ചതെന്നു വെച്ചാൽ ആയതു് തൻെറ പുണ്യജീവിതം കൊണ്ടായിരുന്നുവെന്നുള്ളതിനു് സംശയമില്ല. പാപം എന്നതു് തൻെറ പാവനമായ ഹൃദയത്തിൻെറ പൎയ്യന്തപ്രദേശങ്ങളെപ്പോലും സ്പൎശിച്ചിട്ടില്ല. താൻ എല്ലായ്പോഴും നിഷ്കളങ്കവും നിഷ്കാമവുമായ ഒരു ജീവിതത്തെയാണ് നയിച്ചതു്. ആയതിനാൽ പിതാവായ ദൈവം ലോകരക്ഷക്കു വേണ്ടി പുത്രനായ ദൈവത്തെ പരിശുദ്ധാത്മാവിയുടെ പ്രവൃത്തിയാൽ കന്യകയായ മറിയത്തിൻെറ തിരുവുദരത്തിൽ ജാതനാകുന്നതിന് തിരുമനസ്സായി. നമ്മുടെ അമ്മക്കല്ലാതെ വേറെ ആൎക്കെങ്കിലും ഇതുപോലൊരു മഹാഭാഗ്യം സിദ്ധിച്ചിട്ടുണ്ടോ? അല്ലെങ്കിൽ ഇനി സിദ്ധിക്കുമോ? ഇതിലധികമായ ഒരു ഭാഗ്യം ലോകത്തിൽ സംഭാവ്യമാണോ? ഒരിക്കലുമില്ല. എന്നാൽ ഇതു വിചാരിച്ച് പരിശുദ്ധമറിയം അഹങ്കരിച്ചു നടന്നുവോ? വേറെ ആരെങ്കിലുമായിരുന്നെങ്കിൽ തന്നിമിത്തം അഹംഭാവമത്തു പിടിച്ച് ആനന്ദതുന്ദിലയായി എന്തൊക്കെ കാട്ടിക്കൂട്ടുമായിരുന്നു. എന്നാൽ നമ്മുടെ അമ്മയാകട്ടെ അമിതമായി ആനന്ദിക്കാതെ വിനയമസൃണമായ ഒരു സ്ഥിതിവിശേഷത്തെയാണ് അവലംബിച്ചതു്.

പരിശുദ്ധ മറിയത്തിന് എളിമ, ദാരിദ്ര്യം എന്നിവയിലുള്ള സ്നേഹത്തിന്ന് യാതൊരു അതിരുമില്ലായിരുന്നു. താൻ ദൈവത്തിൻെറ മാതാവായിരുന്നു. തനിക്കു 'ശുദ്ധീകരണം' എന്നുള്ള ആചാരത്തെ അനുവൎത്തിച്ചിട്ട് അശേഷം ആവശ്യമില്ലായിരുന്നു. എന്നിട്ടും ആയതിനെ നിറവേററിയതു് താൻ എളിമ എന്ന പുണ്യത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചിട്ടുണ്ടായിരുന്നതുകൊണ്ടാണ് യഹൂദന്മാരുടെ പ്രാചീനാചാരപ്രകാരം ഒരു സ്ത്രീ തൻെറ കടിഞ്ഞൂൽ സന്താനത്തെ ദേവാലയത്തിൽ കൊണ്ടുചെന്ന് ദൈവത്തിനു അൎപ്പിക്കുമ്പോൾ ഒരു ആട്ടിനെയൊ അല്ലെങ്കിൽ രണ്ടു പ്രാവുകളേയൊ കൂടി കാഴ്ചയായി സമൎപ്പിക്കുക പതിവുണ്ടായിരുന്നു. എന്നാൽ തീരെ നിൎദ്ധനന്മാരായിരുന്ന പ്രാവുകളെ കൊടുത്തുപോന്നതു്. ആയതിനാൽ ദൈവമാതാവിനു ദാരിദ്ര്യത്തിലുള്ള സ്നേഹാതിരേകം നിമിത്തം താൻ ഈ പാവപ്പെട്ട കാഴ്ചയെയാണ് നൽകിയതു്. കൂടാതെയും നമ്മുടെ മാതാവിൻെറ ഹൃദയം കീഴ്വഴക്കം, സ്നേഹം, ദയ ഇത്യാദി സകല സൽഗ്ഗുണഗണങ്ങളുടേയും വിളനിലമായിരുന്നു. താൻ ഭൎത്താവായ യൌസേപ്പുപുണ്യവാനേക്കാൾ ഉയൎന്ന സ്ഥിതിയിലിരുന്നിട്ടും സകല സംഗ

തികളിലും അദ്ദേഹത്തെ അനുസരിക്കുകയും അത്യധികമായി സ്നേഹിക്കുകയും ചെയ്തു. ഇപ്രകാരം പരിശുദ്ധനായ യൗസേപ്പുപുണ്യവാന്റെ ഭാൎയ്യയുടെ എല്ലാ പ്രവൃത്തികളിലും എന്നുവേണ്ടാ വിചാരങ്ങളിലും വാക്കുകളിലും കൂടി തന്റെ സൽഗുണാതിശേഷങ്ങൾ പ്രതിഫലിച്ച് തിളങ്ങിവിളങ്ങിയിരുന്നു.

ഇപ്രകാരമുള്ള ഒരു ജീവിതം കഴിച്ചതുകൊണ്ടാണ് നമ്മുടെ പരിശുദ്ധ മറിയത്തിനു വധൂലോകചക്രവൎത്തിനികളിൽ വെച്ച് പ്രഥമസ്ഥാനത്തെ വഹിക്കുന്നതിന്നിടയായത്. ഈ സ്ഥാനത്തിനു താൻ അർഹയായത് തന്റെ ആഡംബരവിഹീനവും പരമപാവനവുമായ ജീവിതം നിമിത്തം ദൈവത്തിന്റെ മാതാവാകുന്നതിനുള്ള മഹാഭാഗ്യം സിദ്ധിച്ചതുകൊണ്ടാകുന്നു.

ജീവിതത്തിന്റെ പരമോദ്ദേശ്യം നമ്മുടെ സ്രഷ്ടാവിനെ അറിഞ്ഞു സ്നേഹിച്ചു തന്റെ കല്പനകൾ അനുസരിച്ച അദ്ദേഹത്തിനു ശുശ്രൂഷചെയ്തു നിത്യമായി രക്ഷപെടുന്നതിനാകുന്നുവെന്നുള്ളതിന് രണ്ടു പക്ഷമുണ്ടാകാൻ വകയില്ല. എന്നാൽ ഒരിക്കലും നാം നമ്മുടെ ആയുഷ്കാലം മുഴുവനും ഇഹത്തിൽ ഒരു പേരു സമ്പാദിക്കുന്നതിന്നായോ മറ്റോ വിനിയോഗിക്കരുത്. ലോകത്തിലെ കീൎത്തിയെപ്പററി ശരിയായും ഗാഢമായും ആലോചിച്ചുനോക്കുന്ന പക്ഷം അത് തീരെ തുച്ഛമാണെന്നും അതിന്നുവേണ്ടി ആയുഷ്കാലം മുഴുവനും അശേഷം വിശ്രമമില്ലാതെ പരിശ്രമിക്കുന്നത് വളരെ ബുദ്ധിഹീനതയാണെന്നും എളുപ്പത്തിൽ മനസ്സിലാകുന്നതാണ്. എന്നാൽ നേരെമറിച്ച് നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ ഉത്തമ മാതൃകാജീവിതത്തെ പിന്തുടൎന്നു താൻ സമ്പാദിച്ചതുപോലെയുള്ള ഒരുപേരു നാമും ഉണ്ടാക്കേണ്ടതാകുന്നു. ദൈവമാതാവിന്റെ ജീവിതോദ്ദേശ്യം ഇഹത്തിൽ ഒരു കീൎത്തിനേടുന്നതിന്നല്ലായിരുന്നു. താൻ കൎത്തവ്യകൎമ്മങ്ങളെയെല്ലാം പരിപൂൎണ്ണമായി നിറവേററിയുംകൊണ്ടു പരമപാവനമായ ഒരു ജീവിതത്തെ ആനയിച്ചതുകൊണ്ട് ഇഹത്തിലും തന്റെ പേരിന്ന് അന്നും ഇന്നും യാതൊരു വാട്ടവും കോട്ടവും തട്ടാതെ നിലനില്ക്കുന്നുവെന്നേയുള്ളു. ആ പേരു എന്നും ഏതു കാലത്തും അപ്രകാരം തന്നെ സ്ഥിതിചെയ്കയും ചെയ്യും. ആയതിനാൽ കീൎത്തിസമ്പാദിക്ക എന്നത് നമ്മുടെ ആദൎശവാക്യമായി ഒരിക്കലും സ്വീകരിക്കരുത്. എന്നാൽ പുണ്യജീവിതത്തിൽ മുന്നണിയിൽ നില്ക്കുന്നതിനു നാം ഓരോരുത്തരും വിശേഷവിധിയായി ശ്രമിക്കേണ്ടതാണ്. പുണ്യജീവിതമത്സരത്തിൽ സമ്മാനങ്ങൾ വാങ്ങിക്കുന്നവരുടെ പേരു ഒരിക്കലും ലോകത്തിൽനിന്നു മാഞ്ഞുപോകുന്നതല്ല. പരിശുദ്ധമായ ജീവിതതത്വങ്ങളെയെല്ലാം ത്യാജ്യകോടിയിൽ തള്ളിയുംകൊണ്ടു ഏതൊരുത്തൻ യശസ്സു നേടുന്നതിന്നുത്സാഹിക്കുന്നുവോ അവന്റെ കീൎത്തി നിൎമ്മലവും ശാശ്വതവുമായിരിക്കയില്ല. നിശ്ചയം. അയാളുടെപേരു അധികകാലവിളംബം കൂടാതെ ലോകർ വിസ്മരിക്കുകയും നിന്ദിക്കുകയും ചെയ്യുന്നതാണ്. ആയതിനാൽ സ്ത്രീലോകസാൎവ്വഭൌമയായ നമ്മുടെ മാതാവ് തന്റെ പുണ്യജീവിതംകൊണ്ടു സ്വന്തപേരിനെ നിലനിറുത്തിയിരിക്കുന്നതുകൊണ്ടു നാമും മാതാവിനെ അനുകരിച്ചു ഒരു പരിശുദ്ധമായ കീൎത്തിയുണ്ടാക്കുന്നതിനു പരിശ്രമിക്കേണ്ടതാകുന്നു.

ഫാദർ ജോസഫ് ജെ. കോയിക്കര.

## വേദപുസ്തകപാരായണം.

### മലയിലെ പ്രസംഗം.

ലോകരക്ഷകനായ നമ്മുടെ കൎത്താവ് ഈശോമ്ശിഹാ നാലാഭാഗങ്ങളിൽ നിന്നുവന്നുകൂടിയ മഹാ പുരുഷാരത്തോടു മലയിൽവെച്ചു പറഞ്ഞ കീൎത്തിപെട്ട പ്രസംഗം പദംപ്രതി തൎജ്ജമചെയ്തു താ

ഴെ ചേർക്കുന്നു. പ്രസംഗസമയത്തു കൂടെയുണ്ടായിരുന്ന വിശുദ്ധ മത്തായി സുവിശേഷകൻ നമ്മുടെ കർത്താവ് പ്രസംഗിച്ച കൽദായ സുറിയാനിഭാഷയിൽ തന്നെയാണ് യൂദന്മാൎക്കു സുവിശേഷപുസ്തകം എഴുതിക്കൊടുത്തിട്ടുള്ളതു്. ആകയാൽ സുറിയാനി ഭാഷയിൽനിന്നു തന്നെ തർജ്ജമ ചെയ്തു കേൾക്കുന്നതു വായനക്കാൎക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ ദിവ്യ പ്രസംഗത്തെപ്പറ്റിയുള്ള വ്യാഖ്യാനങ്ങൾ, പ്രസംഗത്തിന്റെ ഒടുവിൽ കാണാവുന്നതാണ്.

എന്നാൽ പ്രസംഗക്കാരനെപ്പറ്റിയുള്ള മതിപ്പും, തന്റെ ദൈവികവല്ലഭത്തെ കാണിക്കുന്ന പ്രവൃത്തികളും, തന്റെ സ്വൎഗ്ഗീയ ഉപദേശം കേൾപ്പാൻ ഓടിക്കൂടിയിരുന്ന ജനപ്പെരുപ്പവും സംബന്ധിച്ചു സുവിശേഷകൻ ആദ്യമെതന്നെ ഇപ്രകാരം പ്രസ്താവിക്കുന്നു. "ഈശോ ഗ്ലീലാദേശമെങ്ങും സഞ്ചരിച്ച് അവരുടെ ജപസ്ഥാനങ്ങളിൽ പഠിപ്പിക്കയും, (സ്വൎഗ്ഗ)രാജ്യത്തിൻ സുവിശേഷത്തെ അറിയിക്കയും ചെയ്തിരുന്നു. ജനത്തിലുണ്ടായിരുന്ന സകല പീഢകളേയും വ്യാധികളേയും പൊറുപ്പിക്കയും ചെയ്തുവന്നു. അങ്ങേ കീൎത്തി സീരിയാനാടെല്ലാം പരന്നു. ആകയാൽ ആളുകൾ പല വ്യാധികളാലും ദീനങ്ങളാലും ബാധിക്കപ്പെട്ടിരുന്ന സകല രോഗികളേയും, പിശാചുബാധിച്ചവരേയും, ഭ്രാന്തന്മാരേയും, പക്ഷപാതക്കാരേയും അങ്ങേപ്പക്കൽകൊണ്ടുവന്നു. അങ്ങുന്നു അവരെ സൌഖ്യമാക്കി. അപ്പോൾ ഗ്ലീലായിൽനിന്നും, (൧) ദശനഗരങ്ങളിൽനിന്നും, ഓർശ്ലത്തുനിന്നും, യോർദനാൻനദിയുടെ അക്കരനിന്നും വളരെ പുരുഷാരം അങ്ങേ പുറകെ എത്തി. എന്നാൽ ഈശോ പുരുഷാരങ്ങളെ കണ്ടപ്പോൾ ഒരു മലയിൽ കയറി. അങ്ങുന്നു ഇരുന്നപ്പോൾ അങ്ങേ ശിഷ്യർ അടുത്തുചെന്നു. അപ്പോൾ അങ്ങേ വാ തുറന്നു അവരെ പഠിപ്പിച്ചുകൊണ്ടു അരുളിച്ചെയ്തതായതു്:" (മത്തായി ൪. ൨൩. ൨൫-൫. ൧-൨.)

## പ്രസംഗം.

"മനോദാരിദ്ര്യർ (൨) ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വൎഗ്ഗരാജ്യം അവൎക്കുള്ളതാകുന്നു. ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും. എളിമയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും. നീതിയെപ്പറ്റി പശിദാഹമുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും. അനുഗ്രഹമുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവരുടെമേൽ അനുഗ്രഹമുണ്ടാകും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും. സമാധാനപ്പെടുത്തുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ "അവർ തമ്പുരാന്റെ മക്കൾ എന്നു വിളിക്കപ്പെടും. നീതിയെപ്രതി പാടുപെടുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ ആകാശരാജ്യം അവൎക്കുള്ളതാകുന്നു. എന്നെ പ്രതി ആളുകൾ നിങ്ങളെ നിരാസിക്കയും ഞെരുക്കയും വ്യാജമായി ഏതെങ്കിലും ദൂഷിവാക്കു പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു; അപ്പോൾ നിങ്ങൾ സന്തോഷിപ്പിൻ, ആനന്ദിപ്പിൻ; എന്തുകൊണ്ടെന്നാൽ ആകാശത്തിൽ നിങ്ങളുടെ പ്രതിഫലം വളരെ ആകുന്നു. എന്തെന്നാൽ നിങ്ങൾക്കു മുമ്പു ദീൎഘദൎശികളെ അവർ ഇപ്രകാരം ഞെരുക്കീട്ടുണ്ട്" (മത്തായി ൫. ൩-൧൨).

"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. എന്നാൽ ഉപ്പു ഉറകെട്ടുപോയാൽ, അതിന്നു എന്തുസാധനംകൊണ്ടു ഉപ്പുരസം കൊടുക്കപ്പെടും? അതു പുറത്തു എറിയപ്പെടുന്നതിന്നും മനുഷ്യരാൽ ചവിട്ടപ്പെടുന്നതിന്നുമല്ലാതെ പിന്നെ ഒന്നിന്നും കൊള്ളരുതു്. നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു. മലമേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പട്ടണം മറഞ്ഞിരുപ്പാൻ കഴിയുന്ന

(൧) "ദശനഗരങ്ങൾ". പത്തുനഗരങ്ങളടങ്ങിയ ഒരു പ്രദേശം. ഈ പ്രദേശത്തിന്നു ഗ്രേക്കർ ദെക്കാപ്പോളി എന്നു പേർ പറയുന്നു.

(൨) "മനോദാരിദ്ര്യർ". എളിമയുള്ളവരും സമ്പത്തിന്മേൽ പക്ഷം വെക്കാത്തവരും മനോദാരിദ്ര്യരാകുന്നു.

തല്ല. വിളക്കുകൊളുത്തി, അതിനെ പറയിൻകീഴ ആരും വെക്കുന്നില്ല; പിന്നയൊ വിളക്ക പീഠത്തിന്മേൽ അത്രെ. അപ്പോൾ അതു വീട്ടിലുള്ള എല്ലാവൎക്കും പ്രകാശം കൊടുക്കുന്നു. ഇപ്രകാരം മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കാണുകയും സ്വൎഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനെ സ്തുതിക്കയും ചെയ്വാൻ തക്കവണ്ണം നിങ്ങളുടെ പ്രകാശം അവരുടെ മുമ്പാകെ ശോഭിക്കേണം." (മത്തായി ൫. ൧൩–൧൬).

"വേദപ്രമാണത്തെ എങ്കിലും ദീൎഘദൎശികളെ എങ്കിലും ഇല്ലാതെ ആക്കുവാൻ ഞാൻ വന്നിരിക്കുന്നു എന്നു നിങ്ങൾ വിചാരിക്കേണ്ട. ഇല്ലാതെ ആക്കുവാനല്ല, പൂൎത്തിയാക്കുവാനത്രെ ഞാൻ വന്നതു്. എന്തുകൊണ്ടെന്നാൽ ആകാശവും ഭൂമിയും കടന്നുപോകുന്നതുവരെ, വേദപ്രമാണത്തിൽ സകലവും നിറവേറുവോളം അതിൽനിന്നു ഒരു യോദ് ആകട്ടെ വരയാകട്ടെ കടന്നുപോകയില്ല എന്നു സത്യമായിട്ടു നിങ്ങളോടു ഞാൻ പറയുന്നു. ഈ ചെറിയ പ്രമാണങ്ങളിൽ ഒന്നിനെ ലംഘിക്കയും അപ്രകാരം മനുഷ്യരെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വൎഗ്ഗരാജ്യത്തിൽ കുറയപ്പെട്ടവൻ എന്നു വിളിക്കപ്പെട്ട. എന്നാൽ (അവയെ) നിറവേററുകയും പഠിപ്പിക്കയും ചെയ്യുന്നവൻ സ്വൎഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും. എന്തെന്നാൽ നിങ്ങളുടെ നീതി (ന) സപ്രേന്മാരുടെയും പ്രീശന്മാരുടെയും (നീതിയെ)ക്കാൾ അധികരിക്കയില്ലെങ്കിൽ, നിങ്ങൾ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കല്ല എന്നു നിങ്ങളോടു ഞാൻ പറയുന്നു." മത്തായി (൫. ൧൭. ൨൦).

"നീ കൊല്ലരുതു; കൊല്ലുന്നവനൊക്കെ വിധിക്ക പാത്രവാനാകുമെന്നു പൂൎവ്വന്മാരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: തന്റെ സഹോദരനോടു കാരണംകൂടാതെ കോപിക്കുന്നവനൊക്കെ (ര) വിധിക്ക പാത്രവാനാകും. തന്റെ സഹോദരനോടു നീചൻ എന്നു പറയുന്നവനൊക്കെ (ത) സംഘത്തിന്നു പാത്രവാനാകും; ഭോഷൻ എന്നു പറയുന്നവനൊക്കെ നരകാഗ്നിക്ക പാത്രവാനാകും. ആകയാൽ നീ ബലിപീഠത്തിങ്കൽ നിന്റെ പൂജ അണച്ചുകൊണ്ടിരിക്കയും നിന്റെ സഹോദരന്നു നിന്റെ നേരെ വല്ല രസക്കേടും ഉണ്ടെന്നു അവിടെ വച്ചു നീ ഓൎക്കയും ചെയ്യുമെങ്കിൽ, അവിടെ ബലിപീഠത്തിൻ മുമ്പാകെ നിന്റെ പൂജയെ നീ വെച്ചേച്ചു മുമ്പെ തന്നെ നീ പോയി നിന്റെ സഹോദരനോടു സമാധാനമാകുക; പിന്നെ വന്നു നിന്റെ പൂജ അണെക്കുക. നീ നിന്റെ എതിരാളിയോടുകൂടെ വഴിയിൽ ആയിരിക്കുമ്പോൾ തന്നെ വേഗം അവനോടു രമ്യപ്പെടുക, അല്ലാഞ്ഞാൽ നിന്റെ എതിരാളി നിന്നെ വിധിയാളന്നു ഏല്പിക്കയും വിധിയാളൻ നിന്നെ സേവകന്നു ഏല്പിക്കയും നീ കാരാഗ്രഹത്തിൽ ആകയും ചെയ്യും; കടശിയിലത്തെ കാശുകൂടെയും നീ കൊടുക്കുന്നതുവരെയും നീ അവിടെനിന്നു പുറപ്പെടുകയില്ലെന്നു സത്യമായിട്ടു നിന്നോടു ഞാൻ പറയുന്നു" (മത്തായി ൫. ൨൧. ൨൬)

"നീ വ്യഭിചാരം ചെയ്യരുതു് എന്നു പൂൎവ്വന്മാരോടു പറയപ്പെട്ടു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: സ്ത്രീയെ മോഹിപ്പാനായി അവളെ നോക്കുന്നവനൊക്കെ തന്റെ ഹൃദയംകൊണ്ടു അവളോടു വ്യഭിചാരം ചെയ്തുകഴിഞ്ഞു. നിന്റെ വലത്തു കണ്ണു നിന്നെ ഉതപ്പിക്കുന്നുവെങ്കിൽ, അതിനെ ചൂഴന്നു നിന്നിൽ നിന്നു എറിഞ്ഞുകളക; എന്തുകൊണ്ടെന്നാൽ നിന്റെ

---

(ന) "സപ്രേന്മാർ" മൂശയുടെ പ്രമാണങ്ങളെ പഠിച്ച് ഉപദേശിക്കുന്ന ഉപാദ്ധ്യായരാകുന്നു. "പ്രീശന്മാർ" പ്രമാണങ്ങളെ കൃത്യമായി അനുസരിച്ചു വന്ന ഒരു പ്രത്യേക ഗണമായിരുന്നു.

(ര) "വിധി". യൂദന്മാരുടെ ഇടയിൽ ചെറിയ കേസുകളെ വിസ്തരിച്ചു ശിക്ഷിക്കുന്ന ന്യായാസനം.

(ത) "സംഘം". യൂദന്മാരുടെ ഇടയിൽ വലിയ കേസുകളെ വിസ്തരിക്കുന്ന ന്യായാസനം. ൭൦ പേർ കൂടി നടത്തുന്ന ഈ സംഘത്തിന്നു "സൻഹെദ്രീം" എന്ന പേർ പറയപ്പെടുന്നു.

ശരീരം മുഴുവനും നരകത്തിൽ വീഴുന്നതിനെക്കാൾ നിന്റെ ഒരു അവയവം നശിച്ചുപോകുന്നതത്രെ നിനക്കു നല്ലതു്. നിന്റെ വലത്തു കൈ നിന്നെ ഉതപ്പിക്കുന്നുവെങ്കിൽ, അതിനെ വെട്ടി നിന്നിൽനിന്നു എറിഞ്ഞുകളക. എന്തുകൊണ്ടെന്നാൽ നിന്റെ ശരീരം മുഴുവനും നരകത്തിലേക്കു വീഴുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്നു നശിച്ചുപോകുന്നതത്രെ നിനക്കു നല്ലതു്. ആരെങ്കിലും തന്റെ ഭാൎയ്യയെ ഉപേക്ഷിച്ചാൽ, അവൻ ത്യാഗച്ചീട്ടു അവൾക്കു കൊടുക്കണം എന്നു പറയപ്പെട്ടിരിക്കുന്നുവല്ലൊ. എന്നാൽ ആരെങ്കിലും വേശ്യാദോഷം ഹേതുവായിട്ടല്ലാതെ തന്റെഭാൎയ്യയെ ഉപേക്ഷിച്ചാൽ അവളെക്കൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നുവെന്നും, ആരെങ്കിലും ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്താൽ വ്യഭിചാരം ചെയ്യുന്നുവെന്നും ഞാൻ നിങ്ങളോടു പറയുന്നു." (മത്തായി ൫. ൨൯ ൩൨.)

"പിന്നെയും നീ കള്ളസത്യം പറയരുതു് എന്നും, നിന്റെ സത്യങ്ങളെ കൎത്താവിന്നു തികക്കേണമെന്നും പൂൎവ്വന്മാരോടു പറയപ്പെട്ടുവെന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. എന്നാൽഞാൻനിങ്ങളോടുപറയുന്നു: (൩)നിങ്ങൾ ഒരുവിധത്തിലും ആണയിടരുതു്. സ്വൎഗ്ഗത്തെക്കൊണ്ടു അരുതു്. എന്തുകൊണ്ടെന്നാൽ അതു അദ്ദേഹത്തിന്റെ സിംഹാസനമാകുന്നു. ഭൂമിയെക്കൊണ്ടുമരുതു്. എന്തുകൊണ്ടെന്നാൽ അതു അദ്ദേഹത്തിന്റെ പാദപീഠമാകുന്നു. ഓർശ്ലേമിനെക്കൊണ്ടുമരുതു്; എന്തുകൊണ്ടെന്നാൽ അതു മഹാരാജാവിന്റെ പട്ടണമാകുന്നു. നിന്റെ തലയെക്കൊണ്ടും നീ ആണയിടരുതു്; എന്തുകൊണ്ടെന്നാൽ അതിൽ തലമുടിയുടെ ഒരു ഇഴ കറുത്തതൊ വെളുത്തതൊ ആക്കുവാൻ നിനക്കു പാടില്ല. നിങ്ങളുടെ വാക്കു ഉവ്വ, ഉവ്വ്, ഇല്ല, ഇല്ല എന്നായിരിക്കട്ടെ. ഇവയിൽ അധികമുള്ളതു തിന്മയിൽ നിന്നാകുന്നു." (മത്തായി ൫. ൩൩. ൩൭.)

"കണ്ണിന്നു പകരം കണ്ണു, പല്ലിന്നു പകരം പല്ലു എന്നു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: (൧) നിങ്ങൾ തിന്മയോടു എതൃത്തു നിൽക്കരുതു്. ആരെങ്കിലും നിന്റെ വലത്തെ കവളിൽ അടിച്ചാൽ, അവന്നു മറേറതും തിരിച്ചു കൊടുക്ക. നിന്നോടു വ്യവഹരിച്ചു നിന്റെ കുപ്പായം എടുപ്പാൻ മനസ്സാകുന്നവന്നു നിന്റെ മേലങ്കിയെ കൂടെയും വിട്ടു കൊടുക്ക. ആരെങ്കിലും ഒരു മൈൽവരെ പോകുവാൻ നിന്നെ നിൎബ്ബന്ധിച്ചാൽ, അവനോടുകൂടെ രണ്ടു മൈൽവരെ പോക; നിന്നോടു ചോദിക്കുന്നവന്നു നീ കൊടുക്ക; നിന്നോടു വായിപ്പ വാങ്ങുവാൻ ആഗ്രഹിക്കുന്നവനെ നീ മുടക്കരുതു്" (മത്തായി ൫. ൩൮. ൪൨.)

"നിന്റെ അയൽക്കാരനെ സ്നേഹിക്ക എന്നും, നിന്റെ ശത്രുവിനെ ദ്വേഷിക്ക എന്നും പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളുടെ ശത്രുക്കളെ നിങ്ങൾ സ്നേഹിപ്പിൻ; നിങ്ങളെ ദ്വേഷിക്കുന്നവൎക്കു നന്മ ചെയ്യിൻ; നിങ്ങളെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോകയും ഞെരുക്കുകയും ചെയ്യുന്നവൎക്കുവേണ്ടി പ്രാൎത്ഥിപ്പിൻ; (ഇതു) നിങ്ങൾ, നല്ലവരുടെമേലും ദുഷ്ടരുടെമേലും തന്റെ സൂൎയ്യനെ ഉദിപ്പിക്കയും, നീതിമാന്മാരുടെമേലും ദുഷ്ടന്മാരുടെമേലും തന്റെ മഴ പെയ്യിക്കയും ചെയ്യുന്ന സ്വൎഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ മക്കൾ ആകുന്നതിന്നുവേണ്ടി (അത്രെ). എന്തുകൊണ്ടെന്നാൽ നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം ഉണ്ടാകും? ചുങ്കക്കാരും ഇതു ചെയ്യുന്നില്ലയൊ? നിങ്ങൾ നിങ്ങളുടെ സഹോദരന്മാരോടു മാത്രം സ്വസ്തി പറയുന്നുവെങ്കിൽ, നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു? ചുങ്കക്കാരും ഇതുതന്നെ ചെയ്യുന്നില്ലയൊ? അപ്പഴൊ സ്വൎഗ്ഗസ്ഥനായ

---

(൩) "നിങ്ങൾ ഒരുവിധത്തിലും ആണയിടരുതു്" എന്നതിൽ കള്ളയാണയാണു് മുടക്കപ്പെട്ടിരിക്കുന്നതു്. അത്യാവശ്യത്തെപ്പററിയും സത്യമായിട്ടും ആണയിടുവാൻ പാടുണ്ടു്.

(൧) "നിങ്ങൾ തിന്മയോടു എതൃത്തുനിൽക്കരുതു്". ഇതിൽ ഉപദേശംമാത്രമെയുള്ളു. നിൎബ്ബന്ധമായ കല്പനയില്ല. ക്രിസ്ത്യാനിക്കടുത്ത സാധുശീലവും ക്ഷമയും പഠിപ്പിക്കപ്പെടുന്നു.

നിങ്ങളുടെ പിതാവു് പൂൎണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂൎണ്ണരായിരിപ്പിൻ." (മത്തായി ൫. ൪൫. ൪൮) (തുടരും.)

ഫാദർ അലക്ക്സാണ്ടർ സി. ഡി.

# ഒരു ബലി.

"എന്റെ കുട്ടപ്പൻ എന്തെ ഇങ്ങനെ കരേണ്. അമ്മക്കു ഒരു നിവൃത്തി ഒണ്ടാരുന്നെങ്കിൽ എന്റെ കുഞ്ഞിനെ നേരം വെളുത്താൽ വൈകുന്നവരെ എടുത്തോണ്ടു നടക്കേലാരുന്നോ. അമ്മേടെ 'ഉവ്വാവ്' പൊറുപ്പിക്കാൻ തമ്പുരാനോടു പറ". എന്നു പറഞ്ഞു കളപ്പുരയ്ക്കൽ മറിയാമ്മ അടുത്തു മേശയിൽ ഇരുന്നിരുന്ന 'തുങ്ങപ്പെട്ടു' രൂപത്തിൽ തൊട്ടു കുട്ടിയെ മുത്തിച്ചിട്ടു പായിൽ കിടത്തി. കുട്ടിയുടെ കരച്ചിൽ കേട്ടു പൂമുഖത്തിൽ കസേരയിൽ പത്രം വായിച്ചുകൊണ്ടു ഇരുന്നിരുന്ന അവരാച്ചൻ ഇങ്ങിനെ വിളിച്ചുപറഞ്ഞു. "കൊച്ചുങ്ങളെ പുന്നാരിപ്പിച്ചു് പുന്നാരിപ്പിച്ചു് ഇപ്പ നെലം തൊടുകേലെന്നായി. സിദ്ധാന്തം മറ്റിട്ടു് ഒരു സൈ്വൎയ്യമില്ല" ഇതുകേട്ടു മറിയാമ്മ കുട്ടിയെ കിടത്തുവാൻ സ്വീകരിച്ച സ്ഥിതിയിൽനിന്നു മാറാതെ ആറുമാസം തികഞ്ഞിട്ടില്ലാത്ത ആ കുട്ടിയുടെ മുഖത്തോടു മുഖം ചേൎത്തു. "അപ്പച്ചൻ അങ്ങനെക്കെ പറയും. ഇല്ലേ. എന്റെ തങ്കത്തിനെ ഞാനെടുത്തില്ലെങ്കി പിന്നെ ആരെടുക്കാനാണു് എന്നു പറഞ്ഞു അവരാച്ചന്റെ അഭിപ്രായത്തോടു താൻ ഒട്ടുംതന്നെ യോജിക്കുന്നില്ല എന്നു കാണിക്കുന്നതിനൊ എന്നു തോന്നുമാറു കുട്ടിയെ വീണ്ടും എടുത്തു രണ്ടുമൂന്നു തവണ ചുംബിച്ചിട്ടു വീണ്ടും കിടത്തി.

പ്രസ്തുത സ്ത്രീരത്നത്തിനു അപ്പോൾ ഏകദേശം മുപ്പതു വയസ്സു പ്രായമായിരുന്നു. സൌമ്യതയും സൌശീല്യവും പ്രൈണമായ കാൎയ്യജ്ഞതയും ബുദ്ധിപരിപാകതയും സദാ മുഖത്തിൽ പരിലസിച്ചുകൊണ്ടിരുന്നു. വാസ്തവമായ സ്നേഹവും മാതൃവാത്സല്യവും ഇതിൽ കൂടുതലായി ഏതെങ്കിലും ഒരു സ്ത്രീയിൽ പ്രത്യക്ഷപ്പെട്ടിരുന്നൊ എന്നു സംശയമാണു്. എന്നാൽ അവ കുട്ടികളിൽ ദുൎമ്മാൎഗ്ഗപോഷകമാകുന്ന ലാളനയിൽ പരിണമിക്കാതെ അവൎക്കു കാലോചിതമായി ശാരീരികമായും മാനസികമായും ആത്മികമായും വേണ്ടപ്പെട്ടവയെല്ലാം ചെയ്യുന്നതിനുള്ള അത്യുത്സാഹത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ദിവസേന കുളിച്ചു ഭക്ഷണം കഴിക്കുന്നതിലും പഠിക്കാനുള്ളവയെ വായിക്കുന്നതിലും ത്രികാലജപം മുതലായവ എത്തിക്കുന്നതിലും മറ്റും ഈ മാതൃകാമാതാവിന്റെ പ്രേരണയിൽ അവൎക്കു യാതൊരു ബുദ്ധിമുട്ടും തോന്നിയിരുന്നില്ല മറിയാമ്മയുടേ ഭൎത്താവായ അവരാച്ചനും ദൈവഭക്തനും ജനസമ്മതനും കാൎയ്യജ്ഞനും ആയിരുന്നു. സ്വത്തു വളരെ ഒന്നും ഇല്ലായിരുന്നു എന്നു വരികിലും അദ്ദേഹത്തിന്റെ ഭരണത്തിൽ ആ ചെറിയ കുടുംബത്തിൽ സമാധാനവും സന്തോഷവും സദാ വസിച്ചിരുന്നു. കുട്ടികളെ കഴിയുന്നത്ര വിദ്യ അഭ്യസിപ്പിക്കണം എന്നുള്ള ശാഠ്യക്കാരനായിരുന്നു. അപ്പോൾ പത്തുവയസ്സു പ്രായമായിരുന്ന ലൂക്കാച്ചൻ ഫഴ്റുഫോറത്തിലും അഞ്ചുവയസ്സായിരുന്ന ത്രേസ്യക്കുട്ടി കണക്കു പഠിക്കുകയായിരുന്നു.

മേൽപ്രസ്താവിച്ച ചെറിയ സംഭവം കഴിഞ്ഞിട്ടു ഇപ്പോൾ ഏകദേശം എട്ടു വൎഷം കഴിഞ്ഞു അന്നു വെറും ഒരു ശിശു ആയിരുന്ന കുഞ്ഞാക്കൊ ഇപ്പോൾ ഒരു ഉത്തമ ബാലനായി വളൎന്നുകൊണ്ടിരിക്കുന്നു. അസാധാരണമായ സ്വഭാവനൈൎമ്മല്യംകൊണ്ടും ബുദ്ധിവിശേഷതകൊണ്ടും രൂപഗുണംകൊണ്ടും കുഞ്ഞാക്കൊ മാതാപിതാക്കന്മാരുടെ എന്നല്ല, അയൽക്കാരുടെയെല്ലാം ഒരു വാത്സല്യഭാജനമായി തീൎന്നിരിക്കുന്നു? മലയാളം നാലാം ക്ലാസിൽ പാസായ കുഞ്ഞാക്കോയെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി ര

ന്തപുരം ബോർഡിങ്ങ് സ്കൂളിൽ ആക്കുവാൻ പുറപ്പെടുന്നു എന്നറിഞ്ഞ് അഛരാച്ചന്റെ സ്നേഹിതരും സംബന്ധികളുമായ ചിലരെല്ലാം കളപ്പുരയ്ക്കൽ വന്നിരുന്നു. അവരാച്ചൻ ഇവരുമായി സംസാരിച്ചുകൊണ്ടിരുന്നിരുന്നു. മറിയാമ്മ അടുക്കളയിൽ ധൃതിയിൽ എന്തൊ ഒക്കെ തയാറാക്കുകയും ഇടയ്ക്കിടയ്ക്കു കണ്ണുനീർ തുടക്കുകയും ചെയ്തിരുന്നു. കുഞ്ഞാക്കൊ തനിക്കു കൂടെ കൊണ്ടുപോകുന്നതിനുള്ള പെട്ടിയും പായും മററും ഒരുക്കുകയായിരുന്നു. അപ്പോൾ അകത്തെപ്പുരയുടെ വാതിൽ പകുതി തുറന്നു മറിയാമ്മ കുഞ്ഞാക്കോയെ നോക്കി താണസ്വരത്തിൽ 'കുഞ്ഞാക്കൊ ഒന്നു ഇപ്പുറത്തേക്കു വന്നെ' എന്നു പറഞ്ഞു.

കുഞ്ഞാക്കൊ— (അകത്തുചെന്നു ഒരു കട്ടിലിൽ ഇരുന്നിട്ടു) "എന്തിനാണമ്മെ എന്നെ വിളിച്ചതു്"

മറിയാമ്മ— ഇതു വേണമെങ്കിൽ തിന്നാനാണ്" എന്നു പറഞ്ഞു എന്തൊ ചില പലഹാരം എടുത്തു വച്ചുകൊടുത്തു.

കു— "ഇനിക്ക് ഇപ്പോൾ ഒന്നും തിന്നാൻ തോന്നുന്നില്ല."

മ— "ഇനി എന്നാണ്— ശേഷംപെക്കു— ഒന്നു കാണാനൊ— വല്ലതും ഒന്നു എടുത്തു തരാനൊ— ഒക്കുന്നതു് "എന്നു പറഞ്ഞുകൊണ്ടു അടക്കുവാൻ വഹിയാതെ കരഞ്ഞുതുടങ്ങി.

കു— "അമ്മ എന്തിനാണമ്മെ ഇങ്ങനെ കരേണതു്, അവിടെ പോയി പഠിക്കണരു് നല്ലതാണന്നല്ലെ അപ്പച്ചൻ പറഞ്ഞതു്, അച്ചന്മാരും മററും ഉണ്ടല്ലൊ നോക്കാൻ.

മ— "പഠിക്കുന്നതു് കാര്യം നല്ലതാണ്" (വീണ്ടും ഗൽഗതത്തോടുകൂടി) "നിങ്ങളിലൊന്നിനെ— വിട്ടുപിരിഞ്ഞിരിക്കാൻ— ശേഷംപെക്കു ധൈര്യമില്ല"

കുഞ്ഞാ— "അമ്മേ! കൊച്ചേട്ടനും കൊച്ചുപെണ്ങളും ഉണ്ടല്ലൊ അടുത്തു്, (കുഞ്ഞാക്കൊയുടെ കണ്ണിൽനിന്നു ഒന്നുരണ്ടു തുള്ളി കണ്ണുനീർ താഴെ പതിച്ചു. കുഞ്ഞാക്കൊ തന്റെ മനോവികാരത്തെ കഴിയുന്നത്ര അടക്കിക്കൊണ്ടു വീണ്ടും പറഞ്ഞുതുടങ്ങി) അമ്മേ, അമ്മ കുഞ്ചുവൈദ്യന്റെ കഷായം മുടക്കല്ലെ. അമ്മക്കു കഷായത്തിനു എടുത്തുതരാൻ ഞാൻ കൊച്ചുപെണ്ങളോടു പറഞ്ഞിട്ടുണ്ടു്. അമ്മേ, ഞാനില്ലാത്തപ്പോൾ ആ കൊച്ചുപെട്ടി കൊച്ചുപെണ്ങളെക്കൊണ്ടു തുറപ്പിക്കല്ലെ. പെണ്ങൾക്കു എപ്പോഴും കളിതന്നെ വിചാരം. അമ്മേ, അണ്ണാൻകുഞ്ഞിനെ മത്തായിക്കു കൊടുത്തേക്കു. എനിക്കിനി അതിനു പാലുകൊടുക്കാനും മററും ഒക്കുകില്ലല്ലൊ. അമ്മ അതിനായിട്ടു ബുദ്ധിമുട്ടണ്ട. അമ്മേ, ശങ്കരനു ദാനമായി ഒരു ചക്രം കൊടുക്കാമെന്നു ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു. അതു കൊടുത്തേക്കണെ"

മ— "അവിടെ ചെന്നാൽ എഴുത്തു മുടങ്ങാതെ അയക്കണെ. എന്തെങ്കിലും സുഖക്കേടൊ വേറെ എന്തെങ്കിലും ആവശ്യമൊ ഉണ്ടെങ്കിൽ ഉടനെ അറിക്കണേ."

കു— അമ്മെ, അപ്പച്ചനോടു ഇങ്ങന എന്നും വെയിലത്തു പാടത്തു പോയി നിൽക്കരുതെന്നു പറ— അവർ വേല എടുത്തില്ലെങ്കിൽ എടുക്കയില്ല അത്രെ അടല്ല ഉള്ളു.

മ— "അവിടചെന്നാലും അച്ചന്മാരു പറയുന്നതു് അനുസരിച്ചു അവിടത്തെ മുറകളൊക്കെ കാത്തുനടക്കണം. വികൃതി പിള്ളേരുമായി കൂട്ടു കൂടരുതു്. ദിവസേനയുള്ള പ്രാൎത്ഥനയും മററും ഭക്തിയായും മുടങ്ങാതയും ചെയ്യണം."

കു— അമ്മെ! അമ്മക്കും അപ്പച്ചനും വേണ്ടി പ്രാൎത്ഥിക്കാൻ ഞാൻ ഒരുദിവസവും മുടക്കയില്ല.

കുഞ്ഞാക്കോയെ സ്കൂളിൽ ആക്കിയിട്ടു ഇപ്പോൾ എട്ടു വൎഷമായി. അതിനിടയ്ക്കു അവൻ അച്ചന്മാരുടെയും വാദ്ധ്യന്മാരുടെയും സഹപാഠികളുടെയും അസാധാരണമായ പ്രീതിക്കും ആദരവിനും പാത്രമായി തീൎന്നു. കൂടാതെ അവൻ യൌവനത്തിലേക്കു പ്രവേശിക്കയായിരുന്നു. ബാലിശമായിരുന്ന അവന്റെ മധുരസ്വരം പൌരുഷമായ ഒരു ദാൎഢ്യത്തെ സ്വീകരിച്ചുകഴിഞ്ഞിരുന്നു. സുന്ദരമായ മൃദുരോമം അവന്റെ ചുണ്ടിനെ അലങ്കരിച്ചുതുടങ്ങിയിരുന്നു. സാധാരണ യുവാക്കന്മാരിൽ കാണപ്പെടാത്ത ഒരു ഗൌരവവും നിശ്ചയശക്തിയും അവന്റെ ദൃഷ്ടിയിൽ പ്രത്യക്ഷപ്പെട്ടിരുന്നു.

വിനയത്തോടും സ്വല്പം ലജ്ജയോടുംകൂടിയ മന്ദഹാസം അവന്റെ മുഖത്തിൽ സദാ സ്ഫുരിച്ചിരുന്നു. ആയാണ്ടത്തെ സ്കൂൾഫൈനൽ പരീക്ഷയിൽ അവൻ ചേൎന്നിട്ടുണ്ടായിരുന്നു പരീക്ഷാഫലംപുറത്തായാലുടനെ അറിയാമല്ലൊ എന്നു വിചാരിച്ചും തന്റെ പഴയ വിദ്യാലയവാസം കടശിയായി ഒന്നുകൂടി അനുഭവിക്കാമല്ലൊ. എന്നു വിചാരിച്ചും മററും കുഞ്ഞാക്കൊ ഒന്നു രണ്ടു ആഴ്ചയായി സ്ക്കൂളിൽ മാനേജരച്ചന്മാരുടെകൂടെ താമസിക്കയായിരുന്നു.

ഒരുദിവസം വൈകുന്നേരം വെയിലാറി കളപ്പുരക്കൽ അവരാച്ചനും മറിയാമ്മയും മുൻവശത്തെ മിററത്തു എന്തൊ സംസാരിച്ചുകൊണ്ടു നിന്നിരുന്നു. ലൂക്കാച്ചൻ മിററത്തിനരികിൽ ചില പൂച്ചെടി കൊമ്പുകൾ നടുകയായിരുന്നു. ത്രേസ്യാക്കുട്ടി പകുതി തുറന്ന ജനലിന്റെ കമ്പിയുടെ ഇടയിൽകൂടി മിററത്തേക്കു നോക്കിക്കൊണ്ടു നിന്നിരുന്നു. ലൂക്കാച്ചന്റെ ഭാൎയ്യ അടുക്കളയിൽ വിശ്രമിക്കയായിരുന്നു. അപ്പോൾ തപാൽ ശിപായി ധൃതിയിൽ ഒരു കമ്പി കൊണ്ടുവന്നു അവരാച്ചന്റെ കയ്യിൽ കൊടുത്തു.

അവരാച്ചൻ– "ലൂക്കാച്ചാ ഈ കമ്പി പൊട്ടിച്ചു വായിച്ചേ"

ലൂക്കാച്ചൻ– കമ്പി പൊട്ടിച്ചു ഉറക്കെ വായിച്ചു.

Retnapuram,

I5-4-11,

Passed first in the School and Eighth in the State. Thank God.

അമ്മേ കുഞ്ഞാക്കൊ പാസായെന്നു. സ്കൂളിൽ ഒന്നാമതായിട്ടും സംസ്ഥാനത്തിൽ എട്ടാമനായിട്ടും

മറിയാമ്മ– ഇനി എങ്കിലും അവൻ വീട്ടിൽനിന്നു ഒരു സുഖമെടുക്കട്ടെ. ചൊവ്വെ നേരെ ഒരു തേച്ചുകുളിയൊ നേരത്തിനും കാലത്തിനും ഇത്ര കഞ്ഞിയൊ ചോറൊ ഉണ്ടായിട്ടു വൎഷം എത്ര ആയി. പോർട്ടിങ്ങല്ലെ അവിടെ അച്ചന്മാരു മണി അടിക്കുമ്പ ചെന്നിരിക്കും മണിയടിക്കുമ്പ എഴുന്നേററു പോരും. എളവിനു വരും പിന്നെ പോകും. കാണാമ്പാടില്ലെ വരുമ്പഴത്തെ കോലം. ഇനി എന്തു ചെയ്യാനാണ് പോകുന്നത്"

അ– "തൃശ്ശിവപുരം കോളേജിൽ എഫേക്കു പഠിക്കട്ടെ ഒന്നാമനായിട്ടല്ലെ പാസായത്. സ്കോളർഷിപ്പുംകിട്ടുമല്ലൊ"

മ– "പിന്നെ തൃശ്ശിവപുരത്തും മററും അവൻ തനിച്ചു പോയി പഠിക്കുമൊ പഠിച്ചിട്ടു എന്തു ഉദ്യോഗം ഭരിക്കാനാണ്. ഈ കുഞ്ഞുങ്ങൾ വല്യ ഉദ്യോഗം ഒന്നും ഭരിച്ചു കാണണമെന്നു ഇനിക്കു ഒരു ആഗ്രഹമില്ല. ഇവരെ അടുത്തു കാണുന്നത് തന്നെ ഇനിക്കു ഈലോകത്തിലുള്ള ഒരു സന്തോഷം. കൈപ്പശ്ശേരിക്കാരും ധൃതി വെക്കയാണല്ലൊ"

അ– "അവരങ്ങനെ ഒക്കെ പറയും. അവക്കു കാൎയ്യം പറഞ്ഞാൽ എല്ലാം സമ്മതമാണ്. ഇന്നു വേണമെങ്കിൽ ഇന്നാകാമെന്നാണ്. പതിനാറല്ലെ അവനു വയസ്സുള്ളു.

ഇതു കഴിഞ്ഞു മൂന്നാം ദിവസം അഞ്ചൽ ശിപായി ഒരു എഴുത്തു കൊണ്ടുവന്നു അവരാച്ചന്റെ കയ്യിൽ കൊടുത്തു. ശിപായി വന്നു പോയതു കണ്ടു വിവരമറിയാനായി മറിയാമ്മയും പൂമുഖത്തിൽ വന്നു. അവരാച്ചൻ എഴുത്തു അടുത്തു എന്തോ എഴുതിക്കൊണ്ടിരുന്ന ലൂക്കാച്ചന്റെ കയ്യിൽ വായിക്കുന്നതിനായി കൊടുത്തു. ലൂക്കാച്ചൻ എഴുത്തു പൊട്ടിച്ചു ഉറക്കെ വായിച്ചു.

രത്നപുരം

൧൯൧൧ ഏപ്രിൽ ൧൫

ദൈവത്തിനു സ്തുതി.

എ. ഏ. പ്രിയ അപ്പച്ചാ,

ഞാൻ പരീക്ഷയിൽ പാസായ വിവരം അറിഞ്ഞിരിക്കുമല്ലൊ. ഇനി എന്താണ് ചെയ്യേണ്ടതു എന്ന കാൎയ്യത്തെപ്പററി ഞാൻ വളരെ നാൾ ആലോചിക്കുക ആയിരുന്നു. എന്നാൽ അപ്പച്ചന്റെയും മററും അഭിപ്രായം എന്താണെന്നു അറിയാഞ്ഞതിനാലും സംശയമായി വെളിയിൽ പ്രസ്താവിക്കുന്നതു അത്ര നന്നായിരിക്കയില്ല എന്നു വിചാരിച്ചും ആണു ഇതുവരെ ഞാൻ ഒന്നും പറയാഞ്ഞത്. എന്നാൽ അതിനെകുറിച്ച് ഇപ്പോൾ എനിക്കു യാതൊരു സംശയവും തോന്നുന്നില്ല. എന്റെ ആത്മീയ പിതാവിനും അ

അഭിപ്രായംതന്നെയാണ് അമ്മയുടെ കാൎയ്യം ഓൎക്കുമ്പോൾ എനിക്കു വലുതായ വ്യസനം തോന്നുന്നു. ദൈവത്തിൽ മാത്രം ഞാൻ എൻെറ ശരണമെല്ലാം വച്ചിരിക്കുന്നു. എനിക്കു ഓൎമ്മവച്ചതു മുതൽ സാധാരണ ഗൃഹസ്ഥ ജീവിതത്തെക്കാൾ ഉന്നത തരവും പാവനതരവും ദൈവ മഹിമക്കും പരഗുണത്തിനും കൂടുതൽ യോജിക്കുന്നതുമായ ഒരു ജീവിതത്തിലേക്കു ഏതൊ ഒരു അന്തർശക്തി എന്നെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അതു നമ്മെ എല്ലാവരേയും പുത്രനിൎവ്വിശേഷം സ്നേഹിക്കുന്ന പരമപിതാവിൻെറ ശബ്ദമാണെന്നുള്ളതിനു ഇപ്പോൾ എനിക്കു ഒരു സംശയവും ഇല്ല. ഏതെല്ലാം ബുദ്ധിമുട്ടുകളൊ വ്യസനങ്ങളൊ അനുഭവിക്കേണ്ടതായി വന്നാലും ആ സ്വൎഗ്ഗീയ ശബ്ദത്തിനു വിപരീതമായി പ്രവൎത്തിക്കുന്നതിനു എനിക്കു നിവൃത്തിയില്ല. അതിനാൽ കഴിയുന്നതും വേഗത്തിൽ മംഗലപ്പുഴ സെമ്മിനാരിയിൽ ചേരണമെന്നാണു ഞാൻ വിചാരിക്കുന്നതു്. അപ്പച്ചൻെറയും മററും അഭിപ്രായം അറിയുന്നതിനു ആഗ്രഹിക്കുന്നു. നേരെ പറഞ്ഞു നിങ്ങളുടെ വ്യസനം കാണുന്നതിനു എനിക്കു ധൈൎയ്യമില്ലാത്തതിനാലാണു് എഴുതി അയക്കുന്നതു്. നാളെ വൈകുന്നേരം ഇവിടെനിന്നും പുറപ്പെടും. എന്നു് എൻെറ അപ്പച്ചൻ ബോധിപ്പാൻ. സ്വന്തം കുഞ്ഞാക്കൊ.

(തുടരും.)

## തിരുഹൃദയഭക്തന്മാർ ൧൯൧൯ ചിങ്ങമാസത്തിൽ വെക്കേണ്ടിയ പൊതുനിയോഗ

### “സംരക്ഷണകൾ”



യൂറോപ്പിൽനിന്നു കത്തോലിക്കു മിഷ്യനറിമാർ പരദേശങ്ങളിൽ ചെന്നു അവിടെ ഏൎപ്പെടുത്തി നടത്തിവരുന്ന കത്തോലിക്കു മിസ്സങ്ങൾ ഓരോ യൂറോപ്യൻ ഗവൎമ്മെണ്ടുകളുടെ സംരക്ഷണയിലത്രെ സ്ഥിതിചെയ്യുന്നതു്. നമ്മുടെ ഈ നാട്ടിലെ മിസ്സങ്ങൾ ഒരുകാലത്തു പോൎട്ടുഗീസ്സ് ഗവൎമ്മെണ്ടിൻെറ സംരക്ഷണയിൽ ആയിരുന്നു. കൊച്ചി, മൈലാപ്പൂർ മുതലായ സ്ഥലങ്ങൾ ഇപ്പഴും ആ സ്ഥിതിയിൽതന്നെ ഇരിക്കയും ചെയ്യുന്നു. എന്നാൽ ഈ കാലത്തു നടന്ന ഭയങ്കരയുദ്ധം മുഖാന്തിരം ഈ വക സംരക്ഷണകൾ പലതും മാറിപോകയാൽ ഓരോ രാജ്യങ്ങളിലുള്ള കത്തോലിക്കാ മിസ്സങ്ങൾ ദയനീയസ്ഥിതിയിൽ കഷ്ടപ്പാടുകൾ സഹിക്കുന്നുണ്ടു്. നമ്മുടെ ഇൻഡ്യയുടെ വടക്കെ മിസ്സങ്ങളിൽനിന്നുതന്നെ മിഷ്യനറിമാർ യുദ്ധരംഗത്തിലേക്കു വിളിക്കപ്പെട്ടതിനാലും, ശത്രുരാജ്യക്കാരായ മിഷ്യനിമാർ മാററപ്പെട്ടതിനാലും പല വിധ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടു്. ചൈനാദേശത്തിലും, തുൎക്കിരാജ്യത്തിലും, ആഫ്രിക്കായിലുമുള്ള അനവധി മിസ്സങ്ങൾക്കും ഈ വിധനാശങ്ങൾ സംഭവിച്ചിട്ടുണ്ടു്. വന്ന നാശങ്ങൾ പരിഹരിക്കപ്പെടുന്നതിന്നും, മേലിലേക്കുള്ള കാൎയ്യാദികൾ ഭംഗിയായി നടക്കുന്നതിന്നും ഇടവരുവാൻ തക്കവണ്ണം, യൂറോപ്യൻ ഗവൎമ്മെണ്ടുകളുടെ സംരക്ഷണകൾ ശരിയായി ഉണ്ടാകുന്നതിനു നാം ദൈവത്തോടു പ്രാൎത്ഥിക്കേണം. എന്നാൽ ഈ അവസരിൽ തിരുസഭയുടെ പൊതുസംരക്ഷണ കൈ ഏററു നടത്തുന്നതിന്നു പരിശുദ്ധ ദൈവമാതാവിനോടും, വിശുദ്ധ യൌസേപ്പുപിതാവിനോടും, വിശുദ്ധ മിഖായേൽ മുഖ്യദൂതനോടും നാം പ്രാൎത്ഥി

ക്കേണ്ടിയിരിക്കുന്ന ലൌകികാധികാരികളുടെ സംരക്ഷണത്തേക്കാൾ ഈ ബല മേറിയ സംരക്ഷണകൾ അധികമായി തിരുസഭക്കു ഉപകരിക്കുന്നതുമാണ്.

# വൃത്താന്തശകലങ്ങളും വിമർശനങ്ങളും.

ജർമ്മനിയുമായുള്ള സമാധാനം സംബന്ധിച്ചു ഗവർമ്മെണ്ടിൽനിന്നും ഇവിടെ അയച്ചുതന്നിട്ടുള്ള ഒരു ലഘുപത്രികയിൽ ഇങ്ങനെ കാണുന്നു:— "യുദ്ധമിപ്പോൾ അവസാനിച്ചിരിക്കുന്നു. എന്നാൽ യുദ്ധത്തിൽ ഉണ്ടായ നഷ്ടം അല്പകാലത്തിനുള്ളിൽ പരിഹരിക്കാവുന്നതല്ല. യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ എല്ലാ ആളുകളെയും എല്ലാ സാധനങ്ങളേയും എല്ലാ യന്ത്രങ്ങളേയും യുദ്ധത്തിനു ഉപയോഗമുള്ള സാധനങ്ങൾ ഉണ്ടാക്കുന്ന വകക്കു ഉപയോഗിച്ചുവന്നു. സാധാരണ ജീവിതത്തിനു ആവശ്യമുള്ള സാധനങ്ങൾ ഉണ്ടാക്കുന്നതിനു തീരെ കുറച്ചു ആളുകളെ മാത്രമേ വിട്ടുതൽ ചെയ്യുന്നതിനു നിവൃത്തിയുണ്ടായിരുന്നുള്ളു. അതിനാൽ എല്ലാ സാധനങ്ങളും ചുരുക്കമായിത്തീരുകയും വിലകൾ വർദ്ധിക്കുകയുംചെയ്തു. ഇപ്പോൾ യുദ്ധം അവസാനിച്ചിരിക്കുന്നതിനാൽ ആളുകളേയും സാധനങ്ങളേയും യന്ത്രങ്ങളേയും സാനാരണ ജീവിതത്തിലേക്കു ആവശ്യമുള്ള സാധനങ്ങൾ ഉണ്ടാക്കുന്നവകക്കു വീണ്ടും ഉപയോഗിക്കാവുന്നതും എല്ലാ സാധനങ്ങളുടെയും വില സാവധാനത്തിൽ കുറഞ്ഞു തുടങ്ങുന്നതുമാകുന്നു. എന്നാൽ യുദ്ധത്തിലുണ്ടായ നഷ്ടങ്ങൾ തീർക്കേണ്ടതാണെന്നു ഓർമ്മിക്കണം. വലുതായ പ്രദേശങ്ങളിൽ എല്ലാ പട്ടണങ്ങളും നശിപ്പിക്കുകയും എല്ലാ ഗൃഹങ്ങളും പൊളിച്ചുകളയുകയും തൊഴിൽശാലകളിലെ യന്ത്രങ്ങളെ ഭഞ്ജനം ചെയ്യുകയും ഖനികളെ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. യൂറോപ്പിലെ മററു ഭാഗങ്ങളിൽ ആഹാരസാധനങ്ങളുടെ ഇരിപ്പ ചുരുങ്ങിപ്പോവുകയും കന്നുകാലികളെ കൊല്ലുകയും ജനങ്ങൾ പട്ടിണികിടക്കുകയും ചെയ്യുന്നു. യൂറോപ്പിലുണ്ടായ നഷ്ടം മുഴുവനും തീർന്നതിനുമേലേ മുണ്ടിൻെറയും ഇരുമ്പിൻെറയും യൂറോപ്പിൽനിന്നു നമുക്കു ലഭിക്കുന്ന സാധനങ്ങളുടേയും വിലകൾ വേഗത്തിൽ കുറയാനിടയുള്ളു. എങ്കിലും ഇപ്പോൾ സമാധാനമുണ്ടായിരിക്കുന്നതിനാൽ വിലകൾ കുറഞ്ഞു തുടങ്ങുകയെങ്കിലും ചെയ്യുമെന്നു നമുക്കു ആശിക്കാം."

# ചരമവാർത്തകൾ.

ആലുവാപള്ളിയുടെവികാരി പൈനാടത്തു ബ. യൌസേപ്പച്ചൻെറയും കറുകുററിമഠത്തിൽ ക. നി. മൂ. സ. ബ. ആഞ്ഞേസ് അവർകളുടേയും പിതാവായ കറുകുററിയിൽ പൈനാടത്തു (ചെറിയാൻ വക്കി) കുഞ്ഞുവറിയതു അവർകൾ ഫൻഫൻ കർക്കടകം ന്ന-ാനു- അന്ത്യക്രൂദാശകൾ എല്ലാം കൈക്കൊണ്ടു കത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

തെക്കൻപള്ളിപ്പുറത്തുപള്ളിയുടെ അസിസ്റ്റേന്തി പുതുവ ബ. യൌസേപ്പച്ചൻെറയും കറുകുററി മഠത്തിൻെറ ശ്രേഷ്ഠത്തി ക. നി. മൂ. സ. ബ. ക്ലാര അവർകളുടെയും പിതാവായ മൂക്കന്നൂർപള്ളി ഇടവക (മാടൊന) പുതുമ, കുഞ്ഞുവറിയതു അവർകൾ ഫൻഫൻ കർക്കടകം റ-ാനു- അന്ത്യക്രൂദാശകൾ എല്ലാം കൈക്കൊണ്ടു തൻെറ സ്രഷ്ടാവിൽ തൻെറ ആത്മവിനെ കയ്യാളിച്ചിരിക്കുന്നു.

നെയ്യശ്ശേരി പള്ളി ഇടകവക അരഞ്ഞാണിയിൽ പൈലി മത്തായി കർക്കടകം വ-ാനു- തൻെറ ന്നന്ന-ാമത്തെ വയസ്സിൽ അന്ത്യമക്രൂദാശകളൊക്കയും നല്ലസുബോധത്തോടെകൈക്കൊണ്ടു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

അതിരമ്പുഴപ്പള്ളിഇടവകക്കാരനും, കൊന്തസഭയുടെ ഒരു ശുശ്രൂഷാന്തിക്കാരനുമായകൈപ്പുഴ കരയിൽകാശാങ്കുളത്തിൽ പോത്തൻചാക്കോ എന്നയാൾ തൻെറ ഛന്ന-ാമത്തെ വയസ്സിൽ മലമ്പനി ദീനത്താൽ കുമിളിത്തോട്ടത്തിൽവച്ചു പരലോകപ്രാപ്തനായിരിക്കുന്നതായറിയുന്നു.

ഇവരുടെ ആത്മാനുക്രൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം . ഒ ——— എപ്പകത്തി ൨൮.

## ൧൯൧൯ ആഗസ്റ്റ് - ൧൦൯൪ കർക്കടകം - ചിങ്ങം.

| | | | | | |
|---|---|---|---|---|---|
| 1 | 16 | വെ | വി. പത്രോസ് ശ്ലീ. ചങ്ങലകൾ ന. ആ. കു. വെ. | ... | ച്വ. |
| 2 | 17 | ശ | പാ. വേ. എസ്ത. ന. ആ. കു. വെ. | ... ... | ച്വ. |
| 3 | 18 | ഞാ | ✠ പന്ത. 8-ാം ന. കു. ആ. | [illegible] | പ. |
| 4 | 19 | തി | മൌ. ഡൊമി. ന. ആ. കു. വെ. | ... ... | വെ. |
| 5 | 20 | ചൊ | മഞ്ഞുമാ. ന. ആ. കു. വെ. | ... ... | വെ. |
| | | | നാളെ കരേററമാതാവിൻ നവനാൾ തുടങ്ങുന്നു. | | |
| 6 | 21 | ബു | (✠) ന. ക. വെളി. ന. കു. വെ. | ... ... | വെ. |
| 7 | 22 | വ്യാ | വേ. ഡൊനാ. ന. ആ. കു. വെ. | ... ... | ച്വ. |
| | | | വ്യാകുലമാതാവിൻ തിരുനാളിന്നു മുമ്പുള്ള ൭ വെള്ളിയാഴ്ച ഭക്തിപൂർവ്വം കഴിക്കുന്നവൎക്കു പല വിശേഷ ഫലങ്ങൾ ലഭിക്കാം. ഈ ഭക്തി നാളെ തുടങ്ങും. | | |
| 8 | 23 | വെ | വേ. കുറി. ക്രു. ന. ആ. കു. വെ. | ... ... | ച്വ. |
| 9 | 24 | ശ | † വേ. മക്കബൊ. (ഈ. 1.) ന. ആ. കു. വെ | ... | ച്വ. |
| 10 | 25 | ഞാ | ✠ പ. 9-ാം വേ. ലൌറ. ന. ആ. കു. വെ. | [illegible] | ച്വ. |
| | | | വ്യാഴം ഇറച്ചിവിലക്കം, വെള്ളി തിരുനാൾകടവും പള്ളിയിൽ അറിയിക്കണം. | | |
| 11 | 26 | തി | വേ. തിബോ. ന. ആ. കു. വെ. | ... ... | ച്വ. |
| 12 | 27 | ചൊ | † അ. മൌ. അൽബ. ന. ആ. കു. വെ. | ... ... | വെ. |
| 13 | 28 | ബു | † മൌ. യോഹ. ബക്ക. ന. ആ. കു വെ. | ... | വെ. |
| 14 | 29 | വ്യാ | ക. മറി. കരേ. തി. ന. ആ. കു. ത. ഇറച്ചി വിലക്ക്. | ... | റോ. |
| 15 | 30 | വെ | ✠ ക. മ. കരേ ന. കു. വെ. | ... ... | വെ. |
| | | | പൂൎണ്ണമണ്ഡവിമോചനം. | | |
| 16 | 31 | ശ | † മൌ. റോക്കോ. ന. ആ. കു. വെ. | ... ... | വെ. |
| 17 | 1 | ഞാ | ✠ പന്ത. 10-ാം ന. കു. ആ. | [illegible] | വെ. |
| 18 | 2 | തി | † മൌ. അല്ലോ. ലി. (ഈ. 2) ന. ആ. കു. വെ. | ... | വെ. |
| 19 | 3 | ചൊ | മൌ. കശ്മ. (ഈ. 7) ന. ആ. കു. വെ. | ... | വെ. |
| 20 | 4 | ബു | മൌ. ബൎണ്ണ. ന. ആ. കു. വെ. | ... ... | വെ. |
| 21 | 5 | വ്യാ | † വി. യോഹ. പ്രം. ന. ആ. കു. വെ. | ... | വെ. |
| 22 | 6 | വെ | ക. മാ. എട്ടാ. ന. ആ. കു. വെ. | ... ... | വെ. |
| 23 | 7 | ശ | † മൌ. പീലി. ന. ആ. കു. വെ. | ... ... | വെ. |
| 24 | 9 | ഞ | ✠ പന്ത. ൧൧-ാം ഞാ. ബത്ത. ശ്ലീ. ന. ക. വെ, | [illegible] | ച്വ. |
| 25 | 9 | തി | മൌ. ലുദ. ന. ആ. കു. വെ. | ... ... | വെ. |
| 26 | 10 | ചൊ | പാ. വേ. സെഫ്പ. ന. ആ. കു. വെ. | ... ... | വെ. |
| 27 | 11 | ബു | † വി. ത്രേസ്യാ. ചംകു. ന. ആ. കു. വെ. | ... | വെ. |
| 28 | 12 | വ്യാ | അ. മ. ആഗു. നആ. കു. വെ. | ... ... | വെ. |
| 29 | 13 | വെ | യോഹ. മാം. ത. ക. ന. ആ. കു. വെ. | ... | ച്വ. |
| | | | നാളെ എ. ഭാ. ക. മറി. പിറവി നവനാൾ തുടങ്ങുന്നു. | | |
| 30 | 14 | ശ | വേ. വെലി. ന. ആ. കു. വെ. | ... ... | ച്വ. |
| 31 | 15 | ഞാ | ✠ പന്ത. 12-ാം ന. കു. ആ. | [illegible] ... ... | പ. |
| | | | വ്യാകുലമാതാവിൻ വണക്കമാസം നാളെമുതൽ കഴിക്കാം. | | |

Prinpe4 and Published for the Proprietor, by A.P. Maniat St. Joseph's Press, Mannanam

# വില്പാൻ തയ്യാർ.

൨൦" × ൧൬", ൧൩" × ൧൮" ഈ വലിപ്പങ്ങളിൽ യൂറോപ്പിൽനിന്നും പ്രത്യേകം വരുത്തിയിട്ടുള്ള നാനാവൎണ്ണങ്ങളോടുകൂടിയ നമ്മുടെ കൎത്താവിൻെറ തിരുഹൃദയ പടങ്ങൾ വില്ക്കുവാനുണ്ടു്. പടങ്ങളുടെ മുകൾഭാഗത്തു് ഏറാറവും ഫലപ്രാപ്തിയുള്ള ദണ്ഡവിമോചനജപവും മലയാളത്തിൽ അച്ചടിച്ചിട്ടുള്ളതാകുന്നു. ചെറുതിനു ൧–൦, വലുതിനു ൩–൮ അണയാണു് വില.

സൂപ്രണ്ടു,

സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം.

---

# THE FLOWER OF CARMEL

which has now a circulation of 3,500 and is being read by thrice that number since it passes round many youngmen's asso-ciations, Libraries, Reading Rooms, Schools, Convents, Monasteries etc, is the best medium for advertisers.

Terms very moderate.

*Apply to.*

The Manager,

"The Flower of Carmel"

Mannanam,

Travancore, S. India.

---

## പരസ്യക്കൂലി വിവരം

| ഒരു പെയ്ജിനു | ക. | ണ. | പൈ. | ഒരു പെയ്ജിനു | ക. | ണ. | പൈ. |
|---|---|---|---|---|---|---|---|
| " ഒരു കൊല്ലത്തേക്കു | 30 | 0 | 0 | " മൂന്നു മാസത്തേക്കു. | 10 | 0 | 0 |
| " ആറു മാസത്തേക്കു. | 17 | 8 | 0 | " ഒരു മാസത്തേക്കു | 4 | 0 | 0 |

പ്രത്യേക പരസ്യങ്ങൾക്കു അപ്പഴപ്പോൾ കൂലി നിശ്ചയിക്കുന്നതായിരിക്കും. മുൻകൂറു് പണം കിട്ടാതെ യാതൊരു പരസ്യവും സ്വീകരിക്കപ്പെടുന്നതല്ല.


---

## പ്രത്യേക വിജ്ഞാപനം.

മാസികസംബന്ധമായ എല്ലാ കത്തെടപാടുകളിലും അവരവരുടെ മേൽവിലാസത്തിൽ ചേൎത്തിരിക്കുന്ന റജിസ്റ്റർ നമ്പർകൂടി കാണിക്കേണ്ടതാണു്.

മാനേജർ.

Regi: No. M. 365. Registered No. T. 2.

# പരസ്യം.

## വാങ്ങുവിൻ! സേവിപ്പിൻ!! സുഖം അനുഭവിപ്പിൻ!!!

### കണ്ഠശുദ്ധി ഘൃതം.

ഈ നെയ്യ് സേവിച്ചാൽ വാക്കിനു വഴിയാംവണ്ണം ശുദ്ധിയുണ്ടാകും. ഏഴു ദിവസം സേവിച്ചാൽ കേളികേട്ട പാട്ടുകാരെപ്പോലെ പാടുന്ന തിനുതക്ക സ്വരമധുരിമയുണ്ടാകും. അരമാസം സേവിച്ചാൽ സോമരാജ്ഞിയെപ്പോലെ ദേഹകാന്തിയുണ്ടാകും. ഒരു മാസം സേവിച്ചാൽ കേൾക്കുന്ന മാത്രയിൽ കാര്യം ധരിക്കുന്നതിനും പിന്നീട്ടു മറന്നുപോകാതെ ഓർമ്മയിൽ നിലനിർത്തുന്നതിനും എളുപ്പത്തിൽ സാധിക്കും. ഇതു് വൈദികന്മാർ, പ്രസംഗികന്മാർ, ഭാഗവതർമാർ, സ്കൂൾകുട്ടികൾ ഇവർ പ്രത്യേകം സേവിച്ചു് ഇതിന്റെ ഗുണം അനുഭവിക്കേണ്ടതാകുന്നു. ഇതുകൂടാതെയും പതിനെട്ടുവിധം കുഷ്ഠരോഗങ്ങളും പലവിധ രൂപങ്ങളിലുണ്ടാകുന്ന അർശോവികാരങ്ങളും അഞ്ചുവിധ ഗുന്മങ്ങളും പ്രമേഹങ്ങളും അഞ്ചു വിധമുള്ള കാസങ്ങളും ഇല്ലാതാകും. വന്ധ്യകളായ സ്ത്രീകൾക്കും അല്പതേജസ്സുകളായ പുരുഷന്മാർക്കും ഇതു ഹിതമാകുന്നു. ദേഹബലം, നിറം, ജഠരാഗ്നി ഇവയെ വർദ്ധിപ്പിക്കും.

| | രൂ. | ണ. | പൈ. |
|---|---|---|---|
| ഏഴു ദിവസത്തേക്കു . . . . | ൩ | ൮ | ൦ |
| പതിനഞ്ചു ദിവസത്തേക്കു . . . | ൬ | ൭ | ൦ |
| ഒരു മാസത്തേക്കു . . . . | ൧൨ | ൦ | ൩ |

തപാൽക്കൂലി പുറമെ.

### വായുസംഹാരി ഗുളിക.

എല്ലാവിധ വായുക്കളും കാസങ്ങളും ക്ഷയം ക്ഷതം ജ്വരം വയറുവേദന ഇതുകൾ ശമിക്കും. — വില

| | | | |
|---|---|---|---|
| ൧൨ ഗുളിക അടങ്ങിയ ഡപ്പി ൧-ക്കു . . | ൦ | ൧൨ | ൦ |
| ൧൦൦ ഗുളിക അടങ്ങിയ ഡപ്പി ൧-ക്കു . . | ൩ | ൦ | ൦ |

സേവിക്കേണ്ടും വിധങ്ങളും പത്ഥ്യങ്ങളും മരുന്നോടുകൂടി അയച്ചുകൊടുക്കപ്പെടും.

എന്നു്,

കെ. എൽ. പ്രണാന്റസ്

മാനേജർ,

സെന്റു് ആന്റണീസ് ഔഷധശാല.

കരത്തുറ, ചവറ.